I.ഇ.ബി. XIIകേരള നിയമസഭ/VIII-21

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 23, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

മുൻമന്ത്രിമാരായ സി.എം. സുന്ദരം, ജെ. ചിത്തരഞ്ജൻ, മുൻ കേരള നിയമസഭാംഗങ്ങളായ ഇ. രാജേന്ദ്രൻ, കടമ്മനിട്ട രാമകൃഷ്ണൻ, സി.കെ. തങ്കപ്പൻ, എ.എം. കല്യാണകൃഷ്ണൻ നായർ, കെ.ടി. കുമാരൻ, തിരു-കൊച്ചി മുൻ എം.എൽ.എ., യു. നീലകണ്ഠൻ, മുൻ കേന്ദ്രമന്ത്രി ഡോ. ഹെൻട്രി ഓസ്റ്റിൻ, മുൻ എം.പി. ഗുലാം മഹ്മൂദ് ബനാത്‌വാല എന്നിവരുടെ നിര്യാണം

മുൻമന്ത്രിമാരായ സി.എം. സുന്ദരം, ജെ. ചിത്തരഞ്ജൻ, മുൻ കേരള നിയമസഭാംഗങ്ങളായ ഇ. രാജേന്ദ്രൻ, കടമ്മനിട്ട രാമകൃഷ്ണൻ, സി.കെ.തങ്കപ്പൻ, എ.എം. കല്യാണകൃഷ്ണൻ നായർ, കെ.ടി. കുമാരൻ, തിരു-കൊച്ചി മുൻ എം.എൽ.എ., യു. നീലകണ്ഠൻ, മുൻ കേന്ദ്രമന്ത്രി ഡോ. ഹെൻട്രി ഓസ്റ്റിൻ, മുൻ എം.പി. ഗുലാം മഹ്മൂദ് ബനാത്‌വാല എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റു നിന്ന് മൗനം ആചരിക്കുകയും ചെയ്തു.

**ശ്രദ്ധക്ഷണിക്കൽ**

(1) കുട്ടനാട്ടിലെ ജലാശയങ്ങളിൽ പോള വ്യാപിക്കുന്നത് തടയാൻ നടപടി

ശ്രീ. തോമസ് ചാണ്ടി: കുട്ടനാട്ടിലെ തോടുകളിലും ആറുകളിലും പോള തിങ്ങിനിറഞ്ഞതുകാരണം നീരൊഴുക്ക് തടസ്സപ്പെടുകയും വെള്ളം മലിനമാവുകയും കൊതുക് പെരുകുകയും വള്ളങ്ങളും യാത്രാ ബോട്ടുകളും ഹൗസ് ബോട്ടുകളും സ്പീഡ് ലൗഞ്ചുകളും ഓടാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ തൊഴിലുറപ്പ് പദ്ധതി പ്രകാരം പഞ്ചായത്തിലെ മനുഷ്യശക്തി ഉപയോഗിച്ച് പോള നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കുമെന്നതിനാൽ ജലവിഭവ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും കൂടിയാലോചിച്ച് ഇക്കാര്യത്തിൽ അടിയന്തിര തീരുമാനമെടുത്ത് കുട്ടനാട്ടിലെ കൃഷിയേയും ടൂറിസത്തെയും രക്ഷിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും പോള വ്യാപിക്കുന്നത് നെൽകൃഷി, ടൂറിസം, ജലഗതാഗതം, മത്സ്യബന്ധനം എന്നീ മേഖലകൾക്കുപുറമേ ജനജീവിതത്തേയും ബാധിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപ്പുവെള്ളം കയറി പോള ചീയുന്നതുമൂലമുള്ള മലിനീകരണം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. പോള പൂർണ്ണമായും മാറ്റി ജലാശയങ്ങളെ ശുദ്ധീകരിക്കുക എന്നത് ഭീമമായ ചെലവു വരുന്നതും വളരെയധികം പ്രായോഗിക ബുദ്ധിമുട്ടുള്ളതുമായ കാര്യമാണ്. പോള വാരി മാറ്റിയാലുടൻ തന്നെ മറ്റ് ഭാഗങ്ങളിൽ നിന്ന് പോള അവിടേയ്ക്ക് ഒഴുകിയെത്തുന്നതും വാരി മാറ്റുന്ന പോള നിക്ഷേപിക്കുന്നതിനുള്ള സൗകര്യപ്രദമായ സ്ഥലം ലഭിക്കാത്തതും തദ്ദേശവാസികൾ എതിർക്കുന്നതുമായ സങ്കീർണ്ണമായിട്ടുള്ള

പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ പോള നിർമ്മാർജ്ജനം ഫലവത്താകുന്നില്ല. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ഒരേ സമയത്ത് പോള നിർമ്മാർജ്ജനം ചെയ്യുകയാണെങ്കിൽ കുട്ടനാട്ടിലെ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ കഴിയും. പോളയിൽ നിന്ന് വ്യാവസായിക ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികളും ആവിഷ്ക്കരിക്കേണ്ടതുണ്ട്. ആലപ്പുഴ ഇറിഗേഷൻ ഡിവിഷനിൽപ്പെട്ട ജലഗതാഗതത്തിനുള്ള ആറുകളിലേയും കായലുകളിലേയും പോളകൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 12-ാം ധനകാര്യ കമ്മീഷനിൽപ്പെടുത്തി ആലപ്പുഴ ജില്ലയിലെ മടയൻതോട്, കുമ്പളത്തിൻകരികനാൽ, അമ്പലപ്പുഴ കരികനാൽ എന്നിവയിലെ പോളകളും മാലിന്യങ്ങളും നീക്കി വൃത്തിയാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കോട്ടയം ജില്ലയിലെ ചെട്ടിക്കാട്, മീനച്ചിറ, ചെത്തിപ്പുഴ എന്നീ കനാലുകളിലെ പണി പൂർത്തീകരിച്ചു. കോട്ടയം, ചെങ്ങന്നൂർ, പത്തനംതിട്ട ചെറുകിട ജലസേചന ഡിവിഷനുകൾക്ക് കീഴിൽ കുട്ടനാടൻ പാടശേഖരങ്ങൾക്കിടയിലുള്ള ചെറുതോടുകളിൽ താൽക്കാലിക പരിഹാരമെന്നനിലയിൽ പോള നീക്കം ചെയ്യുന്ന പ്രവൃത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എറ്റെടുത്ത് നടത്തുന്നതാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി പോള നിർമ്മാർജ്ജനത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എം.എൽ.എ.മാരുടെ നേതൃത്വത്തിൽ പദ്ധതി ആവിഷ്ക്കരിച്ചാൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുൻകൈയെടുത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. പോള നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി പ്രത്യേക യന്ത്രവൽക്കൃത സംവിധാനം നിലവിൽവന്നിട്ടുണ്ടെങ്കിൽ ഗവൺമെന്റ് അത് പരിശോധിച്ച് സാധ്യമാകുമെങ്കിൽ പ്രയോജനപ്പെടുത്തുന്നതാണ്. തോടുക

ളുടെയും ആറുകളുടെയും കായലുകളുടെയും ആഴവും വീതിയും കൂട്ടലും സൈഡ് പ്രൊട്ടക്ഷനും നടത്തുന്നതിനോടൊപ്പം പോള നീക്കൽ പ്രക്രിയ കൂടി നടത്തുന്നതിന് ബഡ്ജറ്റിൽ പ്രത്യേക പ്രൊവിഷൻ ഇല്ലാത്തതിനാൽ വിവിധ വകുപ്പുകൾ ഈ വർക്ക് ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ബന്ധപ്പെട്ട എം.എൽ.എ.-മാരുൾപ്പെടെയുള്ളവരുടെ യോഗം ചേർന്ന് ഇതൊരു പൊതു പ്രശ്നമായി പരിഗണിച്ച് വിപുലമായ ഒരു പ്രോജക്ടായി കണക്കാക്കി ഒരേ സമയം എല്ലാ സ്ഥലങ്ങളിലും പോള നിർമ്മാർജ്ജനം നടത്തണമെന്ന നിലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുൻകൈയെടുത്ത് ഇറിഗേഷൻ വകുപ്പിന്റെ സഹകരണത്തോടുകൂടി സ്കീം തയ്യാറാക്കി ആർ.എൽ.ഇ.ജി.പി. പദ്ധതിയിലുൾപ്പെടുത്തി പ്രശ്നം പരിഹരിക്കുന്നതാണ്.

## (2) <u>സംസ്ഥാനത്തെ നഗരങ്ങളിലേയും പട്ടണങ്ങളിലേയും ദേശീയപാതകളിലേയും ഗതാഗതക്കുരുക്ക്</u>

<u>ശ്രീ. വി.ജെ. തങ്കപ്പൻ:</u> സംസ്ഥാനത്തെ വിവിധ ജില്ലാ തലസ്ഥാനങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന എൻ.എച്ച്. 47-ലാണ് ഏറ്റവും കൂടുതൽ അപകടങ്ങൾ നടക്കുന്നത്. ഗതാഗത ബാഹുല്യം ഒഴിവാക്കുന്നതിനാണ് നാഷണൽ ഹൈവേയുമായി ബന്ധപ്പെടുത്തി ബൈപാസ്സുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുള്ളത്. തിരുവനന്തപുരം ബൈപാസിന്റെ പണി തുടങ്ങിയിട്ട് 25 വർഷത്തോളമായെങ്കിലും ഇതുവരെ അത് പൂർത്തിയായിട്ടില്ല. തിരുവനന്തപുരം ബൈപ്പാസ് പല സ്ഥലങ്ങളിലും എൻ.എച്ച്.-ൽ നിന്ന് 14, 15 കിലോമീറ്റർ മാറിയാണ് സ്ഥിതിചെയ്യുന്നത്. ട്രാഫിക് സെൻസസിൽ പാപ്പനംകോട് വരെ ആറുവരിപ്പാതയാക്കണമെന്നും, നെയ്യാറ്റിൻകര മുതൽ കളിയിക്കാവിള വരെ നാലുവരിപ്പാതയാക്കണമെന്നും സൂചിപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞവർഷത്തെ ബഡ്ജറ്റിൽ ഈ റോഡ് വീതികൂട്ടുന്നതിനുള്ള ഇൻവെസ്റ്റിഗേഷനു വേണ്ടി ഒരു കോടി രൂപ വകകൊള്ളിച്ചിരുന്നെങ്കിലും ആ തുക എങ്ങനെ വിനിയോഗിച്ചു എന്നറിയില്ല. എത്രയും വേഗം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി എത്ര തുക വേണമെന്ന് കണക്കാക്കി ആ തുക എങ്ങനെ ഉണ്ടാക്കണമെന്ന് കണ്ടുപിടിച്ച് ദേശീയപാതകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഏകദേശം 300 കോടി രൂപ പ്രോജക്ട് കോസ്റ്റ് വരുന്ന ഈ വർക്ക് 5 വർഷംകൊണ്ട് പണിതീർത്താൽപോലും ഒരു വർഷം 60 കോടി രൂപ മതിയാകും. അത്തരത്തിൽ അതിനെ ലഘൂകരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന സങ്കീർണ്ണമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുമന്ത്രിമാരുമായി ദേശീയപാത വികസനത്തെ സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ എൻ.എച്ച്. 47-ഉം എൻ.എച്ച്. 17-ഉം നാലുവരിപ്പാതയാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 811 കിലോമീറ്റർ റോഡുകൾ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ ത്വരിതഗതിയിൽ നടന്നുവരുന്നത്. സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് പ്രകാരം ഈ പ്രവൃത്തികൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയപാത വികസന പ്രവൃത്തികളുടെ പ്രീ-ക്വാളിഫിക്കേഷൻ ടെന്റർ ക്ഷണിച്ചുവരികയാണ്. മണ്ണുത്തി മുതൽ

അങ്കമാലി വരെയുള്ള ഭാഗത്തെ നാലുവരിപ്പാത നിർമ്മാണം ഗവൺമെന്റ് ഏറ്റെടുത്ത് ത്വരിതഗതിയിൽ പ്രവർത്തനം നടന്നുവരികയാണ്. ഈ പ്രവൃത്തി പൂർത്തിയാകുന്നതോടെ ഈ വർഷം 30 കിലോമീറ്റർ ദൂരം നാലുവരിപ്പാതയാക്കുന്ന പണി പൂർത്തിയാക്കാൻ കഴിയും. എൻ.എച്ച്. 47-ഉം എൻ.എച്ച്. 17-ഉം നാലുവരിപ്പാതയാക്കുമ്പോൾ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന നഗരങ്ങളെ ഒഴിവാക്കി വിവിധ ബൈപ്പാസ് റോഡുകൾ നിർമ്മിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഭാഗം നാലുവരിപ്പാതയാക്കി ഉയർത്തുന്നതിന് പ്രായോഗികമായ ചില തടസ്സങ്ങളുണ്ട്. നിലവിലുള്ള റോഡ് നാലുവരിപ്പാതയാക്കി ഉയർത്തുന്നതിനുള്ള സ്ഥലമെടുപ്പ് ചെലവ് ഏറിയതായതിനാൽ തിരുവനന്തപുരം നെയ്യാറ്റിൻകര ബൈപ്പാസിന് രൂപം നൽകുകയും കഴക്കൂട്ടം മുതൽ കോവളം വരെ 22 കിലോമീറ്റർ രണ്ടുവരിപ്പാത നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കരമന മുതൽ നെയ്യാറ്റിൻകര വരെ നിലനിൽക്കുന്ന അതിരൂക്ഷമായ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനായി പ്രസ്തുത റോഡ് നാലുവരിപ്പാതയാക്കുന്നതു സംബന്ധിച്ച് സർവ്വേ നടത്തി റിപ്പോർട്ട് നൽകുന്നതിന് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന് ഗവൺമെന്റ് രൂപം കൊടുക്കുന്നതാണ്. ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന മറ്റ് നഗരപ്രദേശങ്ങളെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് ബന്ധപ്പെട്ട

ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഉന്നതതല യോഗം വിളിച്ചുകൂട്ടി ചർച്ചചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയ്ക്ക് സ്ഥിരം കാമ്പസ്

ശ്രീ. എം. എ. വാഹീദ്: ഐ.ടി. രംഗത്തെ പഠന ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായുള്ള കഴക്കൂട്ടത്തെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയ്ക്ക് സ്ഥിരം കാമ്പസ് നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഐ.ടി. മാനേജ്മെന്റ് തലത്തിൽ പഠന ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായി 2000-ൽ ടെക്നോപാർക്കിൽ ആരംഭിച്ച ഐ.ഐ. ഐ.ടി. പ്രസ്തുത കാമ്പസിൽതന്നെ പത്തേക്കർ സ്ഥലം ആവശ്യപ്പെടുകയും അതനുസരിച്ച് ചില നിബന്ധനകൾക്ക് വിധേയമായി സ്ഥലം ലീസിന് നൽകുവാൻ ഉത്തരവാകുകയും ചെയ്തു. എന്നാൽ 2003-വരെ അവർ പ്രസ്തുത സ്ഥലം സംബന്ധിച്ചുള്ള കൈവശാവകാശം ഏറ്റെടുക്കുകയോ മറ്റു പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതിനാൽ ടെക്നോപാർക്കിന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ബോർഡിന്റെ അനുമതിയോടുകൂടി ഐ.ഐ. ഐ.ടി. എം.കെ.-ക്ക് സ്ഥലം അനുവദിച്ചത് റദ്ദാക്കി ആ സ്ഥലം റ്റി.സി.എസ്.-ന് നൽകുവാൻ 17-6-03-ൽ ഉത്തരവ് നൽകുകയും ചെയ്തു. റ്റി.സി.എസ്.-ന് അനുവദിച്ച സ്ഥലത്ത് അവരുടെ ഗ്ലോബൽ ട്രെയിനിംഗ് സെന്റർ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

ഇപ്പോൾ വർഷംതോറും ഉദ്ദേശം 8000-പേർ അവിടെനിന്നും പരിശീലനം പൂർത്തിയാക്കി വരികയാണ്. ടെക്നോപാർക്കിന്റെ ഫേസ്-3 ലാന്റ് അക്വിസിഷൻ പദ്ധതിയിൽ നിന്നും 10 ഏക്കർ സ്ഥലം ഐ.ഐ.ഐ.ടി. എം.കെ.-ക്ക് നൽകുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ അവരുടെ കാമ്പസ് സ്ഥാപിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാലാ കാമ്പസിൽ നിന്നും 30 ഏക്കർ സ്ഥലം നൽകണമെന്ന ആവശ്യം കേരള കാർഷിക സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് പള്ളിപ്പുറം വില്ലേജിൽ 10 ഏക്കർ ഭൂമി അനുയോജ്യമായതാണെന്നും അറിയിച്ചിട്ടുണ്ട്. അത് ലഭ്യമാക്കുന്നതിന് കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

(2) <u>കോട്ടയ്ക്കലിൽ സബ്ട്രഷറി</u>

<u>ശ്രീ. എം. ഉമ്മർ</u>: മലപ്പുറം ജില്ലയിൽ കോട്ടയ്ക്കലിൽ ഒരു സബ്ട്രഷറി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u>: ഇപ്പോൾ സംസ്ഥാനത്ത് 206 ട്രഷറികൾ പ്രവർത്തിക്കുന്നുണ്ട്. ഭൂവിസ്തീർണ്ണത്തിന്റേയും ജനസംഖ്യാനുപാതത്തിന്റെയും അടിസ്ഥാനത്തിൽ ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ട്രഷറികളുള്ളത് കേരളത്തിലാണ്. പുതിയ ട്രഷറികൾ അനുവദിക്കുന്നത് ചില മാനദണ്ഡങ്ങൾക്ക് വിധേയമായി മുൻഗണനാ ലിസ്റ്റനുസരിച്ചാണ്. ഈ വർഷം ഇനി പുതുതായി ട്രഷറികൾ അനുവദിക്കാൻ കഴിയില്ല. അടുത്ത വർഷം ഇക്കാര്യം പരിശോധിക്കാം.

(3) <u>മൂർക്കനാട് കുടിവെള്ള പദ്ധതി</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: മലപ്പുറം ജില്ലയിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പണി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : മലപ്പുറം ജില്ലയിലെ മൂർക്കനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ മൊത്തം അടങ്കൽ തുക 28.75 കോടി രൂപയാണ്. ഇതിന്റെ സ്രോതസ്സിന്റേയും റാ വാട്ടർ പമ്പിംഗ് മെയിനിന്റേയും വർക്ക് പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനാവശ്യമായ കരാർ നൽകി എഗ്രിമെന്റ് ഒപ്പുവച്ചു. പണി ഉടനെ ആരംഭിക്കുന്നതാണ്. ഭൂതല സംഭരണികളുടെ പ്രവൃത്തി നേരത്തെ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വരുന്നവ മൂന്ന് പാക്കേജുകളിലായി ടെന്റർ ചെയ്തിട്ടുണ്ട്. ടെണ്ടർ സംബന്ധിച്ച സാങ്കേതിക ബുദ്ധിമുട്ടുകളെപ്പറ്റി എം.എൽ.എ.-യുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2009-ഓടുകൂടി കമ്മീഷൻ ചെയ്യാൻ ടാർജറ്റ് ചെയ്തിട്ടുണ്ട്. സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ പരിശ്രമവും സർക്കാർ തലത്തിൽ ചെയ്യുന്നതാണ്.

(4) ശബരിമല സന്നിധാനത്ത് എത്തുന്ന നാളികേരം ഉപയോഗിച്ച് വെളിച്ചെണ്ണ ഉൽപാദിപ്പിക്കൽ

പ്രൊഫ. എൻ. ജയരാജ് : ശബരിമല സന്നിധാനത്ത് കോക്കനട്ട് മിൽ സ്ഥാപിച്ച് ഭക്തർ കൊണ്ടുവരുന്ന നാളികേരം കൊണ്ട് 'ശബരിമല' ബ്രാൻഡിലുള്ള വെളിച്ചെണ്ണ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നതിനാവശ്യമായ നിർദ്ദേശം തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമപ്രകാരം ബോർഡിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്നതിനുള്ള അവകാശം ഗവൺമെന്റിനില്ല. വികസന സാധ്യതകളുള്ള പദ്ധതിയുടെ ക്യാബിനറ്റ് അംഗീകരിച്ച മാസ്റ്റർ പ്ലാൻ പോലും ദേവസ്വം ബോർഡിന് നടപ്പിലാക്കാൻ

കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. അഴിമതിരഹിത ഭരണവും സംശുദ്ധമായ ഇടപെടലുകളും തിരുവിതാംകൂർ ദേവസ്വം ബോർഡിലും ശബരിമലയിലും നടക്കുന്നില്ല. സന്നിധാനത്ത് വരുന്ന നാളികേരം വരവ് വെച്ച് നാലും അഞ്ചും ഇരട്ടി വിലയ്ക്ക് കരിഞ്ചന്തയിൽ വിൽക്കുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമം ഭേദഗതി ചെയ്താൽ മാത്രമേ അവിടത്തെ അഴിമതി സമ്പൂർണ്ണമായി അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ.

(5) മിച്ചഭൂമി വിതരണം

ശ്രീ. ബി. രാഘവൻ : കോഴിക്കോട് ജില്ലയിലെ അമ്പായത്തോട്, തോട്ടക്കാട്, കുളത്തൂർ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ ബാക്കിയുള്ള മിച്ചഭൂമി നിയമതടസ്സങ്ങൾ പരിഹരിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : കോഴിക്കോട് താലൂക്കിൽനിന്നും ഏറ്റെടുത്ത 126 ഏക്കർ ഭൂമിയിൽ 100 ഏക്കറിൽ 185 കുടുംബങ്ങൾ താമസിച്ചുവരുന്നു. ഈ ഭൂമി സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ ആർക്കും പതിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ല. കേസിൽ എത്രയും വേഗം തീർപ്പുണ്ടാക്കി അർഹരായ മുഴുവൻ ആളുകൾക്കും ഭൂമി പതിച്ചുകൊടുക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. കാവിലുംപാറ-മരുതുംകര വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന തോട്ടക്കാട് ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്തിട്ടില്ല. 600-ഓളം കുടുംബങ്ങൾ അവിടെ താമസിച്ചുവരുന്നുണ്ട്. അർഹരായവർക്കെല്ലാം ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ചക്കിട്ടപാറ വില്ലേജിൽ കുളത്തൂർ എസ്റ്റേറ്റിലെ ഭൂമി പതിച്ചുനൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലഭ്യമായ മുഴുവൻ മിച്ചഭൂമിയും ആഗസ്റ്റ് മാസം മുതൽ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്. 14 ജില്ലകളിലെയും അർഹരായ ഭൂരഹിത രിൽനിന്ന് അപേക്ഷ സ്വീകരിച്ചുവരുന്നു. മിച്ചഭൂമി വിതരണത്തിനായി എല്ലാ ജില്ലകളിലും വിതരണ മേളകൾ നടത്തുന്നതിന്റെ ഉദ്ഘാടനം ആഗസ്റ്റ് 9-ാം തീയതി കണ്ണൂരിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കു ന്നതാണ്. കോഴിക്കോട് ജില്ലയിലെ അർഹരായ ഭൂരഹിതർക്ക് ഭൂമി പതിച്ചു നൽന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(6) <u>നവജാത ശിശുക്കൾ മരണപ്പെടാനിടയായ സാഹചര്യം</u>

<u>ശ്രീ. കെ. സി. വേണുഗോപാൽ</u> : ആലപ്പുഴ സ്ത്രീകളുടേയും കുട്ടികളു ടേയും ആശുപത്രിയിൽ മൂന്ന് നവജാത ശിശുക്കൾ അണുബാധമൂലം മരണ പ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം. അവിടെ ആവശ്യത്തിന് ഡോക്ടർമാരില്ല. ഉള്ള ഡോക്ടർമാരുടേയും മറ്റ് സ്റ്റാഫിന്റേയും പെരുമാറ്റത്തെക്കുറിച്ച് വ്യാപകമായ പരാതിയുമുണ്ട്. ഈ സാഹചര്യം മനസ്സിലാക്കി അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> ആലപ്പുഴ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി യിൽ ഒരേ ദിവസം മൂന്ന് നവജാതശിശുക്കൾ മരണപ്പെട്ടത് സംബന്ധിച്ച് ഡി.എം.ഒ. നടത്തിയ പ്രാഥമിക അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ ഹെൽത്ത് സർവീസ്സസ് ഡയറക്ടറെക്കൊണ്ട് ഹൈലെവൽ എൻക്വയറി നടത്തുകയും അണുബാധമൂലമല്ല കുഞ്ഞുങ്ങൾ മരിച്ചതെന്ന് വ്യക്ത മാകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുമ്പോൾ എന്തെങ്കിലും അലംഭാവം ഉണ്ടായിട്ടുണ്ടെന്ന് കണ്ടാൽ കുറ്റക്കാർക്കെതിരെ നടപടി

സ്വീകരിക്കുന്നതാണ്. ആലപ്പുഴ മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് സർജറി വിഭാഗത്തിൽ മൂന്ന് അസോസിയേറ്റ് പ്രൊഫസർമാരുടെയും രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാരുടെയും നിയമനം നടത്തിയിട്ടുണ്ട്. നെഫ്രോളജി വിഭാഗത്തിൽ ഡോക്ടറെ ഉടൻ നിയമിക്കുന്നതാണ്. റേഡിയോ തെറാപ്പി വിഭാഗത്തിൽ മൂന്ന് ലക്ച്ചറർ തസ്തി കയിൽ നിയമനം നടത്തിയിട്ടുണ്ട്. ഡയറ്റ്, സിറിഞ്ച്, ഓക്സിജൻ, അനസ്തേഷ്യക്കുള്ള നൈട്രിക് ഓക്സൈഡ് തുടങ്ങിയവ വാങ്ങാൻ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് അനുമതിയും തുകയും കൊടുക്കാൻ തീരുമാനമായിട്ടുണ്ട്. സർജറി,അനസ്തേഷ്യ വിഭാഗങ്ങളിലെ ഡെഫിഷ്യൻസി പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) <u>കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി പദ്ധതി</u>

<u>ശ്രീ.എം.പ്രകാശൻ മാസ്റ്റർ:</u> കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി പദ്ധതിയുടെ രണ്ടാം ഘട്ട വികസനം ശരിയായ വിധം നടത്തുന്നതിനും നെൽകൃഷി പദ്ധതിയെ തകർക്കുന്നതിനുള്ള നീക്കങ്ങൾ അവസാനിപ്പിക്കുന്നതിനും ജില്ലാ ഭരണകൂടത്തിന് അടിയന്തിര നിർദ്ദേശങ്ങൾ നൽകി നെൽകൃഷി വികസന പദ്ധതിയായി ഇതിനെ നിലനിർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ മുല്ലക്കര രത്നാകരൻ):</u> കണ്ണൂർ ജില്ലയിലെ പ്രസ്തുത പദ്ധതി നെൽകൃഷി വികസന പദ്ധതിയായി നിലനിർത്തുന്നതിന് ആവശ്യമായ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയെ ചുമതലപ്പെടുത്തുകയും പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ വികസന സമിതിയുടെ നിർദ്ദേശ പ്രകാരം ഇത് സംബന്ധിച്ച് ചർച്ച ചെയ്യാൻ കർഷകരുടെ യോഗം

ചേരുകയും ചെയ്തു. ഒൻപത് ഗ്രാമപഞ്ചായത്തുകളിൽ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ വിദഗ്ദ്ധ സംഘം സന്ദർശനം നടത്തി ഇതിനെ നെൽകൃഷി പദ്ധതിയായി നിലനിർത്താനുള്ള ഹ്രസ്വകാല-ദീർഘകാല നിർദ്ദേശങ്ങൾ അടങ്ങിയ പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്തിമറിപ്പോർട്ട് സമർപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധ സംഘം പദ്ധതി പ്രദേശം സന്ദർശിച്ചു വരികയാണ്. അന്തിമറിപ്പോർട്ടിനെ ആധാരമാക്കി ഇതിനെ നെൽകൃഷി പദ്ധതിയായി നിലനിർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(8) <u>പരമ്പരാഗത മൽസ്യബന്ധനത്തൊഴിലാളികളുടെ സംരക്ഷണം</u>

<u>ശ്രീ.പി.തിലോത്തമൻ:</u> ദേശീയ ജലപാതയുടെ വികസനത്തിനായി വേമ്പനാട്ട് കായലിലെ ചീനവലകളും ഊന്നിവലകളും കുറ്റിവലകളും എടുത്തുമാറ്റിയതുമൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനും അവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്.ശർമ്മ):</u> ദേശീയ ജലപാതയുടെ വികസനത്തിനായി വേമ്പനാട്ട് കായലിലെ ഊന്നിവലകൾ, കുറ്റിവലകൾ, ചീനവലകൾ തുടങ്ങിയവ എടുത്തുമാറ്റിയതുമൂലം പരമ്പരാഗത മൽസ്യ മേഖലയിലുണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പ്രത്യേകമായി പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് ഊന്നിവലകൾ എടുത്ത് മാറ്റിയതിന് മതിയായ നഷ്ടപരിഹാരം നൽകിയിട്ടില്ല. തൊഴിൽ നഷ്ടപ്പെടുമ്പോൾ നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ

സമർപ്പിക്കാൻ ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും ഫിഷറീസ് ഡയറക്ടറും ആലപ്പുഴ, കൊല്ലം, എറണാകുളം എന്നീ ജില്ലകളിലെ കളക്ടർമാർ അംഗങ്ങളുമായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായാൽ ബന്ധപ്പെട്ട എം.എൽ.എ.-മാരുടേയും സംഘടനാ പ്രതിനിധികളുടേയും യോഗം വിളിച്ചു ചേർത്ത് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(9) സ്ഥലം പതിച്ചുകൊടുക്കൽ

ശ്രീ. സി.എഫ്. തോമസ്: വികസനം പൂർത്തിയാക്കിയ ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിന്റെ വടക്കുവശത്ത് ദശാബ്ദങ്ങളായി താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് എത്രയും വേഗം ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ചങ്ങനാശ്ശേരി വില്ലേജിൽ ബ്ലോക്ക് 6-ൽ സർവ്വേ നമ്പർ 107 മുതൽ 115 വരെയും 199 മുതൽ 205 വരെയുമുള്ള സർക്കാർ പുറമ്പോക്കുഭൂമി കൈവശക്കാർക്ക് പതിച്ചുനൽകുന്നതിന് നിയമപരവും സാങ്കേതികവുമായ ചില ബുദ്ധിമുട്ടുകളുണ്ടെങ്കിലും വർഷങ്ങളായി അവിടെ താമസിച്ചുവരുന്ന അർഹതപ്പെട്ടവർക്ക് നിയമതടസ്സം മാറ്റി മാനുഷിക പരിഗണനവച്ച് ഭൂമി പതിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

(10) കാർഷികാധിഷ്ഠിത വ്യവസായ വിപണന കേന്ദ്രം

ശ്രീമതി കെ.കെ. ലതിക: കിൻഫ്രയുടെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി കേന്ദ്രമാക്കി കാർഷികോല്പന്നങ്ങളിൽ നിന്നും മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും കാർഷികോല്പന്നങ്ങൾ ഗ്രേഡുചെയ്ത് വിപണനം നടത്തുന്നതിനുമുള്ള പദ്ധതിയുടെ എല്ലാ

നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങളുടെ സാധ്യതകളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും അറിവുനൽകുന്നതിനുമായി കിൻഫ്രയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ, കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന സെമിനാർ കുറ്റ്യാടി കേന്ദ്രമാക്കി നാളികേര വികസനത്തിന് കെ.എസ്.ഐ.ഡി.സി.യെ നോഡൽ ഏജൻസിയാക്കി ക്കൊണ്ടുള്ള ഒരു കമ്പനി രൂപീകരിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സാധ്യതാ പഠനത്തിനായി കോഴിക്കോട്ടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു. അവരുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭാവിപരിപാടികൾ ആവിഷ്ക്കരിക്കുന്നതാണ്.

(11) ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന ആക്രമണം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: കല്ലൂപ്പാറ നിയോജകമണ്ഡലത്തിലെ ചെങ്ങന്നൂർ സെന്റ് തെരേസാസ് കോൺവെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും മല്ലപ്പള്ളി മാർ ഡയാനേഷ്യസ് സീനിയർ സെക്കണ്ടറി സ്കൂളിലും 21-7-08-ന് ഒരു സംഘം ആളുകൾ കടന്നുകയറി കുട്ടികളെ ആക്രമിക്കുകയും കെട്ടിടങ്ങൾക്ക് നാശനഷ്ടം വരുത്തുകയും ചെയ്തു. ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കുന്നതിനും കുറ്റവാളികളെ അറസ്റ്റു ചെയ്യുന്നതിനും കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): പ്രസ്തുത സംഭവത്തിന്റെ പേരിൽ ചെങ്ങന്നൂർ സെന്റ്തെരേസാസ് കോൺവെന്റ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം 388/08 നമ്പരായി ഒരു കേസും മല്ലപ്പള്ളി മാർ ഡയാനേഷ്യസ് സീനിയർ സെക്കണ്ടറി സ്കൂളിലെ നാശനഷ്ടങ്ങളെ സംബന്ധിച്ച് കിട്ടിയ പരാതിയുടെ അടിസ്ഥാനത്തിൽ ഒരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. ഇക്കാര്യത്തിൽ പോലീസ് നടപടി ഊർജ്ജിതമാക്കുന്നതിന് നിർദ്ദേശം കൊടുക്കുന്നതാണ്.

(12) സ്കൂൾ അദ്ധ്യാപിക നേരിടുന്ന മാനസിക പീഡനം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: കോഴിക്കോട് ഗവൺമെന്റ് മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപികയായ ശ്രീമതി ടി.കെ. പ്രസന്നയെ അദ്ധ്യാപകനായ ശ്രീ. കെ. രാജൻ ഹെഡ്മിസ്ട്രസ്സിന്റെ സഹായത്തോടെ മാനസികമായി പീഡിപ്പിക്കുന്നതിനെതിരെ മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർക്കും വനിതാ കമ്മീഷനും പരാതി നൽകിയതിന്റെ പേരിൽ അദ്ധ്യാപികയ്ക്കെതിരെ അച്ചടക്ക നടപടിയെടുക്കാതിരിക്കാൻ കാരണം കാണിക്കണമെന്നുപറഞ്ഞ് മലപ്പുറം ഡി.ഡി. നോട്ടീസ് അയച്ചിരിക്കുകയുമാണ്. അദ്ധ്യാപികയ്ക്ക് നീതി ലഭ്യമാക്കുന്നതിനും പരാതി കൊടുത്തതിന്റെ പേരിൽ അച്ചടക്കനടപടി എടുക്കുന്നതിൽ നിന്നും മലപ്പുറം ഡി.ഡി.യെ പിന്തിരിപ്പിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കോഴിക്കോട് ഗവൺമെന്റ് മോഡൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപികയായ ശ്രീമതി

ടി.കെ. പ്രസന്നയെ പ്രസ്തുത സ്കൂളിലെ ഡെപ്യൂട്ടി ഹെഡ്മാസ്റ്ററായ ശ്രീ.രാജൻ മാനസികമായി പീഡിപ്പിക്കുന്നു എന്ന പരാതി പ്രാഥമികാന്വേഷണത്തിൽ അടിസ്ഥാനരഹിതവും തെറ്റിദ്ധാരണാജനകവുമാണെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പ്രസ്തുത പരാതി ഒന്നുകൂടി പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കുന്നതാണ്.

(13) ഇ.സി.എച്ച്.എസ്. പോളീക്ലിനിക്കിന് സ്ഥലം വിട്ടുകിട്ടാൻ നടപടി

ശ്രീ. വി. ശശികുമാർ: പെരിന്തൽമണ്ണ നഗരത്തിൽ വാടകക്കെട്ടിടത്തിൽ വിമുക്തഭടന്മാർക്കുവേണ്ടി കേന്ദ്രസഹായത്തോടെ പ്രവർത്തിക്കുന്ന ഇ.സി.എച്ച്.എസ്. (Ex-servicemen Contributory Health Scheme) പോളീക്ലിനിക്കിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് സ്ഥലം അനുവദിക്കാനും കെട്ടിടം പണിയുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം ഉപയോഗപ്പെടുത്താനും വിമുക്ത ഭടന്മാർക്കുവേണ്ടി സഹായം ചെയ്യാനും അടിയന്തിര നടപടിയുണ്ടാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഇ.സി.എച്ച്.എസ്. പോളീക്ലിനിക്കിന്റെ നിർമ്മാണത്തിനായി പെരിന്തൽമണ്ണ താലൂക്ക് ആശുപത്രിയുടെ കൈവശമുള്ള സ്ഥലം കൈമാറുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(14) സന്തോഷിന്റെ തിരോധാനം

ശ്രീ. കെ. ശിവദാസൻ നായർ: പത്തനംതിട്ട മൈലപ്ര മേക്കഴൂർ ഇറ്റുമൂട്ടിൽ സന്തോഷിനെ 16-7-2008 മുതൽ കാണാതായതു സംബന്ധിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തുന്നതിന് നടപടിയുണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സന്തോഷിനെ കാണാതായതുസംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും കൂടെയുണ്ടായിരുന്ന ബിനുവിനെ ചോദ്യം ചെയ്യുകയും ചെയ്യുന്നുണ്ട്. സന്തോഷിനെ കാണാതായ ദിവസം ശക്തമായ ഒഴുക്കുണ്ടായിരുന്നതിനാൽ പുഴ കടന്നുപോകുന്ന സ്ഥലങ്ങളിലെ പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കുകയും പുഴയിൽ ഇപ്പോഴും തിരച്ചിൽ നടത്തിവരികയും ചെയ്യുന്നു. കൂടുതൽ ഊർജ്ജിതമായ അന്വേഷണത്തിന് പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകുന്നതാണ്.

(15) ആലത്തൂരിൽ 33 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്ര, പുതുക്കോട് പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കാരപ്പൊറ്റയിൽ 33 കെ.വി. സബ്സ്റ്റേഷൻ അനുവദിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര, പുതുക്കോട് പഞ്ചായത്തുകളിലെ വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനായി 10 കി.മീ. കെ.വി. ലൈൻ കൂടാതെ 14 ട്രാൻസ്ഫോർമറുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തരൂർ 33 കെ.വി. സബ്സ്റ്റേഷന്റെ പണി പൂർത്തീകരിക്കുന്നതോടുകൂടി കൽപ്പറ്റ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടും. അതുകൊണ്ട് ഈ പ്രദേശത്ത് പ്രത്യേകമായി ഒരു 33 കെ.വി. സബ്സ്റ്റേഷന്റെ ആവശ്യമില്ല.

(16) കബഡി അക്കാഡമി

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പളയിൽ ഒരു കബഡി അക്കാഡമി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ദേശീയ/അന്തർദ്ദേശീയ തലങ്ങളിൽ അംഗീകാരം നേടിയ കബഡി കായിക വിനോദം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നതിന് സർക്കാർ സന്നദ്ധമാണ്. കാസർഗോഡ് ജില്ലയിലെ കുമ്പളയിൽ കബഡി അക്കാഡമി ആരംഭിക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് കേരള സ്പോർട്ട്സ് കൗൺസിലുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(17) നിലമ്പൂർ-നഞ്ചങ്കോട്, തലശ്ശേരി-മൈസൂർ റെയിൽപ്പാതകൾ

ശ്രീ. പി. കൃഷ്ണപ്രസാദ്: നിലമ്പൂർ-നഞ്ചങ്കോട്, തലശ്ശേരി-മൈസൂർ റെയിൽപ്പാതകൾ യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തിര ശ്രമം നടത്തണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): നഞ്ചൻകോട്-നിലമ്പൂർ റെയിൽപ്പാതയ്ക്കും തലശ്ശേരി-മൈസൂർ റെയിൽപ്പാതയ്ക്കും സർവ്വേയ്ക്കുള്ള അനുമതി ലഭിച്ചുവെങ്കിലും നിർമ്മാണത്തിനുള്ള കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചില്ല. ഐ.ടി. നഗരമായ ബാംഗ്ലൂരിലേയ്ക്ക് പോകാൻ ഏറ്റവും ദൈർഘ്യം കുറഞ്ഞതും, സതേൺ സോണിനേയും നോർത്തേൺ സോണിനേയും തമ്മിൽ ബന്ധിപ്പിക്കുന്നതുമായ ഈ റെയിൽപ്പാതകൾക്ക് റെയിൽവേ

മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കി പ്രാവർത്തികമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(18) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ്

ശ്രീ. ബി.ഡി. ദേവസ്സി: പരിയാരം ഗ്രൂപ്പ് വില്ലേജ് ഓഫീസ് വിഭജിച്ച് അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പരിയാരം ഗ്രൂപ്പ് വില്ലേജ് ഓഫീസ് വിഭജിച്ച് അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ മൂന്നു ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു വില്ലേജ് ഓഫീസ് സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(19) എസ്.സി.പി. കോ-ഓർഡിനേറ്റർമാർക്കും എസ്.ടി. പ്രൊമോട്ടർ-മാർക്കുമുള്ള ആനുകൂല്യങ്ങൾ

ശ്രീ. രാജു എബ്രഹാം: എസ്.സി.പി. കോ-ഓർഡിനേറ്റർമാർക്കും എസ്.ടി. പ്രൊമോട്ടർമാർക്കുമുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഒന്നാം ഘട്ടമായി 500 രൂപ അനുവദിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ); എസ് സി. പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം 3000-3500 രൂപ നിരക്കിലും എസ്.ടി. പ്രൊമോട്ടർമാരുടെ ഓണറേറിയം 2500 രൂപയായും വർദ്ധിപ്പിക്കണമെന്ന് പട്ടികജാതി വികസനവകുപ്പ് ഡയറക്ടറും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്. പ്രതിവർഷം രണ്ടു കോടി രൂപയുടെ ബാദ്ധ്യതയുണ്ടാക്കുന്ന പ്രസ്തുത ശുപാർശ ധനകാര്യവകുപ്പിന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കുന്നതാണ്.

ധനകാര്യവകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് 500 രൂപയുടെ വർദ്ധനവ് വരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(20) കെ.ടി. മുഹമ്മദിന് സ്മാരകം

ശ്രീ. എ. പ്രദീപ് കുമാർ: മലയാള നാടകരംഗത്തെ അതുല്യ പ്രതിഭയായിരുന്ന കെ.ടി. മുഹമ്മദിന് സമുചിതമായ ഒരു സ്മാരകം കോഴിക്കോട് നഗരത്തിൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കോഴിക്കോട് ജില്ലയിലെ ജനപ്രതിനിധികളുമായും തദ്ദേശഭരണ സ്ഥാപനങ്ങളുമായും ആലോചിച്ച് അവരുടെ സഹകരണത്തോടുകൂടി കെ.ടി. മുഹമ്മദിന് സമുചിതമായ ഒരു സ്മാരകം കോഴിക്കോട് നഗരത്തിൽ നിർമ്മിക്കാൻ നടപടി സ്വകരിക്കുന്നതാണ്.

(21) റെയിൽവേ കോച്ചുകൾ വെട്ടിക്കുറച്ച നടപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: കേരളത്തിൽ നിന്നും മറ്റു സംസ്ഥാനങ്ങളിലേയ്ക്കു പോകുന്നതും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്കു വരുന്നതുമായ ട്രെയിനുകളുടെ കോച്ചുകൾ ഗണ്യമായി വെട്ടിക്കുറച്ചതുമൂലം ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): റെയിൽവേ കോച്ചുകൾ ഗണ്യമായി വെട്ടിക്കുറച്ചതിന്റെ ഫലമായി ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി

ചില ട്രെയിനുകളിൽ വെട്ടിക്കുറച്ച ബോഗികൾ പുന:സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രശ്നം റെയിൽവേ മന്ത്രിയുടെയും പ്രധാനമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നതാണ്.

(22) ഐ.പി.ഡി. ഡിവിഷൻ മാറ്റുന്നതു സംബന്ധിച്ച്

ശ്രീ. കെ.കെ.ദിവാകരൻ: വാട്ടർ അതോറിറ്റിയുടെ പാലക്കാട്ടുള്ള ഐ.പി. ഡിവിഷൻ തൃശ്ശൂരിലേയ്ക്ക് മാറ്റുന്നതിനുള്ള നീക്കം തടയാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): വാട്ടർ അതോറിറ്റിയിൽ പുതുതായി രൂപീകരിച്ച കൺസൾട്ടിംഗ് വിംഗ് (വാസ്കോ)-ന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി നടത്തിയ പുന:സംഘടനയുടെ ഭാഗമായിട്ടാണ് മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന അഞ്ചു സബ് ഡിവിഷനുകളുടെ പ്രവർത്തനങ്ങൾ, ഈ പ്രദേശത്തെ പഞ്ചായത്തുകളുടെ വിവിധ ശുദ്ധജല വിതരണ പദ്ധതികൾ എന്നിവ രൂപകൽപ്പന ചെയ്യാനുള്ള സൗകര്യങ്ങൾ കണക്കിലെടുത്താണ് ഇത്തരം ഒരു ക്രമീകരണത്തിന് വാട്ടർ അതോറിറ്റിയും ഗവൺമെന്റും തയ്യാറായത്. വാട്ടർ അതോറിറ്റിയുടെ പാലക്കാട്ടുള്ള ഐ.പി. ഡിവിഷൻ തൃശ്ശൂരിലേയ്ക്ക് മാറ്റുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മെമ്പറുടെയും വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് സമവായമുണ്ടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(23) വഴിയാത്രക്കാർക്കും കുട്ടികൾക്കും എതിരെയുള്ള ശല്യം

<u>ശ്രീ. എം.എം. മോനായി:</u> കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ പട്ടിമറ്റത്തും, മഴവന്നൂർ ഗ്രാമപഞ്ചായത്തിന്റെ പരിസര പ്രദേശങ്ങളിലും സാമൂഹ്യവിരുദ്ധർ വഴിയാത്രക്കാർക്കും കുട്ടികൾക്കും നേരെ നടത്തുന്ന അക്രമപ്രവർത്തനങ്ങൾ തടയാൻ പോലീസ് നടപടി ശക്തിപ്പെടുത്താനും കമ്മ്യൂണിറ്റി പോലീസ് സംവിധാനം നടപ്പിലാക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലെ പട്ടിമറ്റത്തും, മഴവന്നൂർ ഗ്രാമപഞ്ചായത്തിന്റെ പരിസര പ്രദേശങ്ങളിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും കൊലപാതകവും നടത്തിയതിന്റെ പേരിൽ നാലു പേരെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. കേരളത്തിലെ 20 പോലീസ് സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി പോലീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പുതിയ സ്റ്റേഷനുകൾ തെരഞ്ഞെടുക്കുന്ന സന്ദർഭത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

(24) <u>റോഡിന്റെ ശോച്യാവസ്ഥ</u>

<u>ശ്രീ. എ.കെ. ചന്ദ്രൻ:</u> മാള നിയോജകമണ്ഡലത്തിൽ നിന്നും കൊടുങ്ങല്ലൂരിലേയ്ക്കു പോകുന്ന കരിങ്ങച്ചിറ-വെള്ളാങ്കല്ലൂർ -നാരായണമംഗലം പി.ഡബ്ള്യൂ.ഡി. റോഡിന്റെ പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്):</u> മാള നിയോജകമണ്ഡലത്തിൽ നിന്നും കൊടുങ്ങല്ലൂരിലേയ്ക്കു പോകുന്ന കരിങ്ങച്ചിറ-വെള്ളാങ്കല്ലൂർ-നാരായണമംഗലം പി.ഡബ്ള്യൂ.ഡി. റോഡിന്റെ നിർമ്മാണം ആരംഭിച്ചെങ്കിലും കരാറുകാരുടെ അനാസ്ഥ കാരണം പണി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. കരാറുകാരുടെ കുടിശ്ശിക

കൊടുത്തുതീർക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും സർക്കാർ ആത്മാർത്ഥമായ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കരാറുകാരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായാൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

(25) <u>കെ.പി.എം.എസ്. താലൂക്ക് യൂണിയൻ ഓഫീസ്</u>

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കെ.പി.എം.എസ്. താലൂക്ക് യൂണിയൻ ഓഫീസിന്റെ മുകളിൽ കൂടി വലിക്കാൻ പോകുന്ന 33 കെ.വി. ട്രാൻസ്മിഷൻ ലൈനിന്റെ അലൈൻമെന്റ് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ.ബാലൻ)</u> : ചെങ്ങന്നൂരിലെ 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയത് 1999-ലാണ്. കെ.പി.എം.എസ്-ന്റെ കെട്ടിടത്തിൽ നിന്ന് 4.75 മീറ്റർ ഉയരത്തിലൂടെ ഈ ലൈൻ വലിക്കുന്നതുകൊണ്ട് അവിടെ യാതൊരുവിധ അപകടവും ഉണ്ടാകില്ല. പോസ്റ്റുകളിൽ ശരിയായ രീതിയിൽ എർത്ത് ചെയ്തിട്ടുണ്ട്. നിയമാനുസൃതമായ എല്ലാ നടപടികളും പാലി ച്ചുകൊണ്ടാണ് പ്രസ്തുത ലൈൻ റൂട്ട് നിശ്ചയിച്ചിട്ടുള്ളത്. മാന്നാർ സബ്സ്റ്റേഷൻ ആഗസ്റ്റ് മാസത്തിൽ കമ്മീഷൻ ചെയ്യുന്നതിനുവേണ്ടി ദ്രുതഗതിയിൽ പണി നടന്നുകൊണ്ടിരിക്കുകയാണ്. അതിന് ഈ 33 കെ.വി ലൈൻ പൂർത്തിയാക്കേണ്ടതുണ്ട്. അതുകൊണ്ട് കെ.എസ്.ഇ.ബി-യുടെ പ്രവർത്തനവുമായി സഹകരിക്കണം.

(26) <u>അഫ്സലിന് നേരെ നടന്ന ആക്രമണം</u>

<u>ശ്രീ. യു.സി. രാമൻ :</u> കോഴിക്കോട് നാദാപുരം ഇരിങ്ങന്നൂർ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥിയായ അഫ്സലിനെ എസ്.എഫ്.ഐ പ്രവർത്തകർ ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ വധശ്രമ ത്തിന് കേസെടുക്കുകയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : ഇരിങ്ങന്നൂർ ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് പോകുന്ന റോഡിൽ വച്ച് എസ്.എഫ്.ഐ-യുടെ പതാക നശിപ്പിച്ചതിനെപ്പറ്റി ചോദിച്ചതിലുള്ള വിരോധംമൂലം എം.എസ്.എഫ് പ്രവർത്തകരായ ചിലർ എസ്.എഫ്.ഐ. പ്രവർത്തകനായ ശൈലേഷിനെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് നാദാപുരം പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്നേ ദിവസം എം.എസ്.എഫ്. പ്രവർത്തകനായ അഫ്സലിനെ ചിലർ ചേർന്ന് ആക്രമിച്ചുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. അന്വേഷണം ഊർജ്ജിതപ്പെടുത്താൻ പോലീസിന് നിർദ്ദേശം നൽകുന്നതാണ്.

(27) <u>നിർത്തലാക്കിയ സ്റ്റോപ്പ് പുന:സ്ഥാപിക്കൽ</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ നെല്ലായി റെയിൽവേ സ്റ്റേഷനിൽ ഷൊർണ്ണൂർ-എറണാകുളം പാസഞ്ചർ ട്രെയിനിന് അനുവദിച്ചിരുന്ന സ്റ്റോപ്പ് പുന:സ്ഥാപിക്കാൻ നടപടി സ്വീക രിക്കണം.

നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u>: ഷൊർണ്ണൂർ-എറണാകുളം പാസ്സഞ്ചർ ട്രെയിൻ രാവിലെ 6.10-നാണ്

നെല്ലായി സ്റ്റേഷനിൽ നിർത്തിക്കൊണ്ടിരുന്നത് അതിനുശേഷം 7.40-ന് വരുന്ന ഗുരുവായൂർ-എറണാകുളം-തൃശ്ശൂർ പാസഞ്ചർ ട്രെയിനിന് ഈ സ്റ്റേഷനിൽ പുതുതായി സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. എറണാകുളം ഭാഗത്തുള്ളവർക്ക് വിശേഷിച്ചും ഓഫീസ് ജീവനക്കാർക്ക് രണ്ടാമത്തെ ട്രെയിൻ സമയമാണ് കൂടുതൽ സൗകര്യമെന്ന നിലയ്ക്കാണ് ആ ട്രെയിനിന്റെ സ്റ്റോപ്പ് എടുത്തു കളഞ്ഞതെന്നാണ് റെയിൽവേ അധികൃതരുടെ വാദം. ഷൊർണ്ണൂർ-എറണാകുളം പാസ്സഞ്ചർ ട്രെയിനിന് നെല്ലായിലുണ്ടായിരുന്ന സ്റ്റോപ്പ് നിറുത്തലാക്കിയത് പുന:പരിശോധിക്കണമെന്ന് റെയിവേമന്ത്രാലയ ത്തോട് ആവശ്യപ്പെടുന്നതാണ്.

(28) <u>മെന്റൽ ഹെൽത്ത് ആക്ടിൽ ഭേദഗതി വരുത്തൽ</u>

<u>ശ്രീ. പി.സി. ജോർജ്</u>: 1987-ലെ മെന്റൽ ഹെൽത്ത് ആക്ടിന്റെ ഗൈഡ്‌ലൈൻ അനുസരിച്ചാണ് സൈക്യാട്രിയുടെ പ്രവർത്തനം നടക്കുന്നത്. സേവനതൽപ്പരരായ ആളുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാൻ ഈ നിയമം തടസ്സമായിരിക്കുന്നതിനാൽ മാനസിക രോഗികളെ പുനരധിവസിപ്പിക്കാനുള്ള റീഹാബിലിറ്റേഷൻ നിയമമുണ്ടാക്കാൻ നടപടി സ്വീകരിക്കണം. രാധാകൃഷ്ണൻ കമ്മീഷൻ ഇതിനെക്കുറിച്ച് സമർപ്പിച്ച റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) :</u> 1987-ലെ മെന്റൽ ഹെൽത്ത് ആക്ടിലെ സെക്ഷൻ 29 പ്രകാരവും സെക്ഷൻ 2(എ) പ്രകാരവും സർക്കാർ സ്ഥാപനങ്ങൾക്ക് പുറമെ മനോരോഗികളെ സംരക്ഷിക്കുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങ ളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായി പറയുന്നുണ്ട്. കൂടാതെ കേന്ദ്ര ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് പുറപ്പെടുവിച്ച സർക്കുലറിലും

ഇത്തരം സ്ഥാപനങ്ങളുടെ നിയന്ത്രണവും വികസനവും മേൽനോട്ടവും സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സേവനതൽപ്പരരായ ആളുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാൻ നിയമം തടസ്സമാകുന്നു വെന്ന വാദം ശരിയല്ല. 2005-ൽ കേരള സർക്കാർ മെന്റൽ ഹെൽത്ത് നിയമ ത്തിന് ചട്ടം ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ ഫോളോ അപ് ആക്ഷൻ ഉണ്ടായിട്ടില്ല. തീർച്ചയായും അക്കാര്യം പരിശോധിച്ച് ആവശ്യമായ നിയമഭേദഗതി വരുത്തുന്നതാണ്. രാധാകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ടിൻമേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(29) <u>മൂവാറ്റുപുഴ ബൈപ്പാസ്</u>

<u>ശ്രീ. ബാബു പോൾ</u> : കൊച്ചി-മധുര എൻ.എച്ച്. 49-ൽ മൂവാറ്റുപുഴ ടൗണിൽ ബൈപ്പാസ് നിർമ്മാണത്തിന്റെ അലൈൻമെന്റിന് അംഗീകാരം നേടി സ്ഥലമേറ്റെടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്)</u> : കൊച്ചി-മധുര എൻ.എച്ച് 49-ൽ മൂവാറ്റുപുഴ ഠൗണിൽ ബൈപാസ്സ് നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ 45 മീറ്റർ വീതിയിലുള്ള അലൈൻമെന്റിന് പ്ലാൻ തയ്യാറാക്കുകയും ലാന്റ് അക്വി സിഷനുള്ള എസ്റ്റിമേറ്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തുവെങ്കിലും ബൈപ്പാസ് നിർമ്മാണത്തിന് അടിയന്തിര നടപടി സ്വീകരി ക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സു കൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

ശ്രീ. ജോസഫ് എം. പുതുശ്ശേരി : റൂൾ 300 അനുസരിച്ച് പൊതുപ്രാധാന്യമുള്ള വിഷയത്തെക്കുറിച്ച് പ്രസ്താവന നടത്താൻ മന്ത്രിമാർക്ക് അവകാശമുണ്ട്. എന്നാൽ വിവിധ വകുപ്പുകളെക്കുറിച്ചുള്ള ധനാഭ്യർത്ഥനകളെ സംബന്ധിച്ച് നയപരമായ കാര്യങ്ങൾ അവതരിപ്പിച്ച് വിശദമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു വർഷം വിനിയോഗിക്കേണ്ട തുക വോട്ടിനിട്ട് പാസ്സാക്കി കൊടുക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെയുള്ള ഘട്ടത്തിൽ ഇത്തരം നയപരമായ കാര്യങ്ങൾക്ക് ധനാഭ്യർത്ഥന ചർച്ചകളിൽ മന്ത്രിമാർ മറുപടി പറയുന്നുണ്ട്. എല്ലാ ദിവസവും റൂൾ 300 അനുസരിച്ച് മന്ത്രിമാർ പ്രസ്താവന നടത്തുമ്പോൾ അതിന്റെ സാങ്റ്റിറ്റി തന്നെ നഷ്ടപ്പെടുന്നു.

**റൂളിംഗ്.**

മി. സ്പീക്കർ: സാധാരണഗതിയിൽ റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന നയപരമായ കാര്യങ്ങൾക്കും കൊണ്ടുവരാറുണ്ട്. കൂടുതലായി ഇത് കൊണ്ടുവരുന്നത് ഉചിതമാണോയെന്ന് പരിശോധിക്കപ്പെടേണ്ടതു-തന്നെയാണ്

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

യുവജന നയം സംബന്ധിച്ച് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

**ധനകാര്യം**

<u>2008-2009 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥന-കളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും</u>

2008-2009 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

<u>ശ്രീ.വർക്കല കഹാർ</u> : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റ് അവതരിപ്പിച്ച് നാലാം മാസത്തിൽ 763.95 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കുന്നതിലൂടെ ഗവൺമെന്റിന്റെ ധനകാര്യ നിയന്ത്രണം നഷ്ടപ്പെട്ടിരിക്കുകയാണ്. പാസ്സാക്കിയ ധനാഭ്യർത്ഥനകൾതന്നെ ചെലവാക്കാൻ കഴിയാതിരിക്കുമ്പോഴാണ് ഉപധനാഭ്യർത്ഥനകൾകൂടി കൊണ്ടുവന്നിരിക്കുന്നത്. ഉപധനാഭ്യർത്ഥനകൾ തുടർച്ചയായി കൊണ്ടുവരുന്ന നടപടി അവസാനിപ്പിക്കണം. 2020 ആകുമ്പോൾ ഇന്ത്യ ലോകത്തെ വലിയ ശക്തികളിൽ ഒന്നായി മാറുന്നത് ഇഷ്ടപ്പെടാത്തതുകൊണ്ടാണ് ഇടതുപക്ഷം ആണവ കരാറിന്റെ പേരിൽ യു.പി.എ. ഗവണ്മെന്റിനുള്ള പിന്തുണ പിൻവലിച്ചത്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എല്ലാ വകുപ്പുകളിലും സമഗ്ര വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായിട്ടാണ് ഈ ഉപധനാഭ്യർത്ഥനകൾ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. പ്രധാന വകുപ്പുകളുടെ പ്രവർത്തനംമൂലം

വികസന രംഗത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ പരിശോധിച്ചാൽ ഈ ഉപധനാഭ്യർത്ഥനകൾ നീതിപൂർവ്വകമാണെന്ന് ബോധ്യപ്പെടുന്നതാണ്. ശരിയായ ധനകാര്യ മാനേജ്മെന്റിന്റെ മൂർത്തമായ ഉദാഹരണം മാത്രമല്ല ആഗോള നയങ്ങളുടെമേൽ ഇടതുപക്ഷ ബദൽ ബഡ്ജറ്റിന്റെ വിജയംകൂടിയാണിത്. റവന്യൂ ചെലവ് കുറയ്ക്കാതെതന്നെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമപെൻഷനുകളും ജീവനക്കാർക്കുള്ള ആനുകൂല്യങ്ങളും യഥാസമയം നൽകുന്നു. കടത്തിന്റേയും പലിശയുടേയും വളർച്ചാനിരക്ക് കുറയുകയും റവന്യൂ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. മൂലധന നിക്ഷേപം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വാളയാർ ചെക്ക് പോസ്റ്റ് അഴിമതിവിമുക്തമാക്കി റവന്യൂ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. കെ.എഫ്.സി. ചരിത്രത്തിൽ ഏറ്റവും വലിയ വളർച്ചയിൽ എത്തിനിൽക്കുന്നു. സോഷ്യൽ ആഡിറ്റിംഗിലൂടെ ഭരണരംഗത്ത് സുതാര്യത കൈവരിക്കാനുള്ള സാധ്യത തെളിയുന്നു. "എല്ലാപേർക്കും വീട്" എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി ഇ.എം.എസ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയും എം.എൻ. ലക്ഷംവീട് നവീകരണ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. എല്ലാപേർക്കും വൈദ്യുതി എന്നത് യാഥാർത്ഥ്യമാക്കി കേരളം സമ്പൂർണ്ണ വൈദ്യുതിവത്കരണ സംസ്ഥാനമാകുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സഹകരണ മേഖല കൂടുതൽ ജനകീയവും ജനാധിപത്യവത്കൃതമാവുകയുമാണ്. യുവാക്കളെ കർമ്മനിരതരാക്കുന്ന യുവശക്തി പദ്ധതി തുടങ്ങി. നഷ്ടത്തിൽ പ്രവർത്തിച്ചു

കൊണ്ടിരുന്ന 22 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞുവെന്നത് ശ്ലാഘനീയമാണ്. പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി ചികിത്സാ രംഗത്തും ആരോഗ്യ പ്രതിരോധ രംഗത്തും ഗുണപരമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. നെല്ലുൽപ്പാദനം വർദ്ധിപ്പിച്ചു. കർഷക കടാശ്വാസ നിയമം നിലവിൽവന്നു. നാഷണൽ കരിക്കുലം ഫ്രെയിം വർക്കിനു പൂരകമായി പുതിയ പാഠ്യ പദ്ധതി നടപ്പിലാക്കി പൊതുവിദ്യാഭ്യാസ മേഖലയെ പുഷ്ടിപ്പെടുത്തി. പൊതുമരാമത്ത് വകുപ്പിന് ദീർഘകാല പരിപ്രേഷ്യം നൽകിക്കൊണ്ട് പുതുമാനങ്ങൾ തേടുകയാണ്. കെ.എസ്.ആർ.ടി.സി.-ക്ക് ആസൂത്രിത പ്രവർത്തന പാക്കേജ് ഉണ്ടായിക്കഴിഞ്ഞു. ജലനയം പ്രഖ്യാപിച്ച് കാര്യക്ഷമമായ പ്രവർത്തനവുമായി ജലവിഭവ വകുപ്പ് മുന്നോട്ടുപോകുകയാണ്. അന്യാധീനപ്പെട്ട ആയിരക്കണക്കിന് ഏക്കർ സർക്കാർ ഭൂമി തിരിച്ചുപിടിച്ച് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നടപടി സ്വീകരിച്ചു. അധികാര വികേന്ദ്രീകരണത്തിന്റെ സർഗ്ഗാത്മകത സാക്ഷാത്കരിക്കാനുള്ള ധീരമായ ചുവടുകളാണ് നടത്തിവരുന്നത്. കാർഷിക മേഖലയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി കൃഷി വകുപ്പും ജലസേചന വകുപ്പും മുന്നോട്ടുപോയിക്കൊണ്ടിരി- ക്കുകയാണ്. കൃഷി, ജലസേചനം, വനം വകുപ്പുകളുടെ ഉദ്ഗ്രഥനത്തിലൂടെ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ളാൻ ഉണ്ടായാൽ 10 വർഷംകൊണ്ട് ഉല്പാദനം 50 ശതമാനമാക്കി വർദ്ധിപ്പിക്കാൻ കഴിയും. വിഷൻ 2020 മാസ്റ്റർ പ്ളാൻ ജനകീയമായി തയ്യാറാക്കുന്നതിന് പണം നീക്കിവയ്ക്കണം. സോളാർ എനർജിയുടെ കാര്യത്തിലും ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കണം. വിഭവ സമാഹരണത്തിന് കൂടുതൽ കേന്ദ്ര സഹായം ഉപയോഗിക്കാൻ കഴിയുംവിധം

പുഞ്ചി കമ്മിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം. കേന്ദ്രാവിഷ്കൃത ഫണ്ടും സംസ്ഥാന വിഹിതവും തമ്മിൽ ഒരു നിശ്ചിത അനുപാതം ഉണ്ടായിരിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നോംസിന് ഒരു ഫെഡറൽ രീതി ഉണ്ടായിരിക്കണം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാച്ചിംഗ് ഗ്രാന്റിനുള്ള നിർദ്ദേശം ഉപധനാഭ്യർത്ഥനകളിൽ വരുന്നുണ്ടോയെന്ന് പരിശോധിക്കണം. വിഭവ സ്രോതസ്സുകൾ കണ്ടെത്തുമ്പോൾ സഹകരണ ബാങ്കുകളായിരിക്കണം പ്രധാനപ്പെട്ട ലക്ഷ്യം. കേരളത്തിൽ സഹകരണ മേഖല ശക്തമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും തമ്മിൽ ആസൂത്രിത നിർവ്വഹണ കൂട്ടായ്മ ഉണ്ടാക്കിയാൽ മൂലധന നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. ബാങ്കിംഗ് മേഖലയേയും സഹകരണമേഖലയേയും പ്രതികൂലമായി ബാധിക്കുന്ന രഘുറാം രാജൻ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്യണം. കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, സഹകരണ സ്ഥാപനം, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയെ ഉൾപ്പെടുത്തി വിഷൻ 2020 എന്ന മാസ്റ്റർ പ്ലാൻ സംസ്ഥാനത്ത് ആവിഷ്ക്കരിക്കണം. പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനും വിലക്കയറ്റം തടയുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ വിഭവസമാഹരണത്തെ ഉപയോഗിച്ചുകൊണ്ട് വികസനത്തിനാവശ്യമായ ഒരു പദ്ധതി തയ്യാറാക്കണം. എണ്ണവില കുതിച്ചുയരുകയും ഭക്ഷ്യക്ഷാമം വർദ്ധിക്കുകയും നിരക്ഷരരുടെ എണ്ണം വർദ്ധിക്കുകയും തൊഴിലില്ലായ്മ വർദ്ധിക്കുകയും ഹ്യൂമൺ ഡവലപ്പ്മെന്റ് ഇൻഡക്സിൽ രാജ്യം താഴോട്ടുവരുകയും ചെയ്യുന്ന സ്ഥിതിക്ക് ആണവകരാറിലൂടെ പരിഹാരം കാണാൻ കഴിയുമെന്ന തെറ്റിദ്ധാരണ പരത്താൻ കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഗാട്ട് കരാറിൽ കേന്ദ്രം ഒപ്പുവച്ചതിന്റെ പരി

ണിതഫലമാണ് യു.പി.എ. സർക്കാരിന് 60,000 കോടി രൂപ കർഷകർക്ക് ആശ്വാസമായി കൊടുക്കേണ്ട അവസ്ഥ വന്നത്. ഇന്ത്യയെ സാമ്രാജ്യത്വശക്തികൾക്ക് അടിയറവയ്ക്കുകയാണ് ചെയ്യുന്നത്. ആണവകരാറിനെ ജനങ്ങളുടെ കോടതിയിൽ വിചാരണചെയ്യുമ്പോൾ ദീർഘവീക്ഷണമില്ലാത്ത പ്ലാനിംഗ് ആണെന്ന് വിലയിരുത്തപ്പെടും. അത്തരം കരാറിൽ ഏർപ്പെടുന്നത് രാജ്യത്തെ വിഭവങ്ങളെ ഒറ്റുകൊടുക്കുന്നതിന് തുല്യമാണ്. ഇന്ത്യയുടെ കടം നാലേമുക്കാൽ ലക്ഷം കോടി രൂപയും ബാങ്കുകളിലെ നിക്ഷേപം 23 ലക്ഷം കോടിരൂപയുമാണ്. നേപ്പാൾ പോലുള്ള അയൽ രാജ്യങ്ങളുമായി കരാറിലേർപ്പെട്ടുകൊണ്ട് നമുക്ക് ആവശ്യമായ ജലവൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. ദീർഘകാലാടിസ്ഥാനത്തിലുള്ള കേരളത്തിന്റെ സമഗ്രമായ വികസന സാധ്യത മുന്നിൽകണ്ടുകൊണ്ടുള്ള ബഡ്ജറ്റിംഗ് രീതിയെക്കുറിച്ച് ആലോചിക്കണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിൽ കാര്യമായി യാതൊന്നും ഉൾപ്പെടുത്താതെ ഉപധനാഭ്യർത്ഥനവഴി തുക പാസ്സാക്കുന്നത് ജനാധിപത്യവിരുദ്ധമാണ്. സംസ്ഥാനത്തെ ധനമാനേജ്മെന്റ് ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. പ്ലാൻ എക്സ്പെന്റീച്ചർ 72 ശതമാനം മാത്രമാണ് കാണിക്കുന്നത്. സംസ്ഥാനത്ത് വികസന പ്രവർത്തനം നടത്താതെ കുടിശ്ശികകൾ മാത്രം കൊടുക്കുന്ന നടപടി ശരിയല്ല. വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കണം. വികസന പ്രവർത്തനങ്ങൾക്ക് അപ്രഖ്യാപിത അവധി കൊടുത്തിരിക്കുകയാണ്. നികുതി പിരിച്ചുകൊണ്ടും ബഡ്ജറ്റ് തുക യഥാവിധി വിനിയോഗിച്ചുകൊണ്ടും സംസ്ഥാനത്ത് വികസനം ഉറപ്പാക്കണം. വൈവിധ്യമാർന്ന വികസന സാധ്യതകൾ

ഉണ്ടെങ്കിലും വാഗ്ദാനങ്ങളിൽ മാത്രമായി ഈ സർക്കാർ ഒതുങ്ങുന്നു. എല്ലാ വകുപ്പുകളെയും സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം. കുടുംബശ്രീ, ആശ്രയ പദ്ധതികൾക്കും വിവിധ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുന്നതിനും തുക വകയിരുത്തണം. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ധനസഹായം നൽകണം. വിവിധ വകുപ്പുകളുടെ കൂട്ടുത്തരവാദിത്തം ഉറപ്പാക്കണം.

ശ്രീ. എ.കെ. ചന്ദ്രൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമഗ്ര വികസനത്തിനും ജനകീയ പുരോഗതിക്കും വേണ്ടി ഇച്ഛാശക്തിയോടുകൂടി ജനോപകാരപ്രദമായ പരിപാടികൾ ആസൂത്രണം ചെയ്ത് സർക്കാർ മുന്നോട്ടുപോവുകയാണ്. മുൻ സർക്കാർ കാർഷിക മേഖലയെ ശവപ്പറമ്പാക്കി മാറ്റി. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ആശ്വാസം പകരാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അടച്ചുപൂട്ടിയ വ്യവസായശാലകൾ തുറന്നുപ്രവർത്തിപ്പിക്കാനും നഷ്ടത്തിലായ സ്ഥാപനങ്ങളെ ലാഭകരമാക്കാനും സാധിച്ചിട്ടുണ്ട്. പൊതുവിതരണരംഗം ശക്തിപ്പെടുത്താനും ഭക്ഷ്യ സിവിൽ സ്പ്ലൈസ് വകുപ്പിന്റെ പ്രവർത്തനം ശ്ലാഘനീയമാക്കാനും കഴിഞ്ഞിട്ടുണ്ട്. ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തും സജീവമായി ഇടപെടാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്രത്തിൽ മാറിമാറി വന്ന സർക്കാരുകൾ പ്രഖ്യാപിച്ച ഗ്രാമസ്വരാജ്, ഗരീബി ഹഠാവോ തുടങ്ങി ഒട്ടേറെ പദ്ധതികൾ പ്രഖ്യാപനങ്ങളിൽ മാത്രമായൊതുങ്ങി.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനോപകാരപ്രദമായ ഒരു നടപടിയും സർക്കാർ സ്വീകരിച്ചില്ല. പദ്ധതികൾക്കു വേണ്ടി അനുവദിച്ചു കിട്ടിയ തുക ഒരു വകുപ്പും പൂർണ്ണമായി ചെലവഴിച്ചില്ല. ദേശീയ തൊഴിലുറപ്പ് പദ്ധതി, എൻ.ആർ.

എച്ച്.എം. തുടങ്ങിയ കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തി. പദ്ധതി തുകയുടെ 30 ശതമാനം ഫണ്ട് ലാപ്സാക്കിക്കളഞ്ഞു. സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സർക്കാരിന്റെ പ്രഖ്യാപനങ്ങൾ ജലരേഖകളായി മാറുന്നു. കർഷക കടാശ്വാസ കമ്മീഷൻ പ്രയോഗികമായില്ല. സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. ഗോൾഫ് ക്ലബ്ബുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ വ്യത്യസ്ത സത്യവാങ്മൂലങ്ങൾ സമർപ്പിച്ചത് വകുപ്പുകൾ തമ്മിൽ പരസ്പരധാരണ ഇല്ലെന്നതിന്റെ തെളിവാണ്. ഭക്ഷ്യ സുരക്ഷാ പദ്ധതി ഫലദ്രമായി നടപ്പാക്കണം.

<u>ശ്രീ. എം. കെ. പ്രേംനാഥ്:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബി.പി.എൽ. കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി,. കൃഷിവികസന പദ്ധതികൾ, കെ.എസ്.ആർ.ടി.സി.യുടെ വികസനത്തിന് പദ്ധതികൾ, മൽസ്യത്തൊഴിലാളികൾക്ക് വേണ്ടി കടാശ്വാസ പദ്ധതികൾ തുടങ്ങി ജനോപകാരപ്രദമായ പല പദ്ധതികളും സർക്കാർ നടപ്പാക്കി. അംഗൻവാടി ജീവനക്കാർക്ക് പെൻഷനാനുകൂല്യങ്ങൾ നൽകി. ക്ഷേമ പെൻഷൻ തുകകൾ വർദ്ധിപ്പിച്ചു. പട്ടിക വർഗ്ഗക്കാർക്കുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിച്ചു. പാലോളി കമ്മിറ്റിക്ക് വേണ്ടി 50 കോടി രൂപ നീക്കി വച്ചു. ക്ലീൻ വാളയാർ പദ്ധതി നടപ്പാക്കി നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിച്ചു. വിലക്കയറ്റം തടയാൻ നടപടി കൈക്കൊണ്ടു. കർഷക കടാശ്വാസ കമ്മിഷന് രൂപം നൽകി. സഹകരണ മേഖലയിൽ പുരോഗമനപരമായ നടപടികളാണ് സ്വീകരിച്ചത്. കൈത്തറി തൊഴിലാളി സംഘങ്ങൾക്ക് അടിയന്തരിമായി റിബേറ്റ് കുടിശ്ശിക നൽകണം. നഷ്ടത്തിലാ യിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിലാക്കി. അവയുടെ

സംരക്ഷണവും ഉന്നമനവും ഉറപ്പാക്കി. പാവപ്പെട്ടവർക്കായി പാർപ്പിട പദ്ധതികൾ നടപ്പാക്കി. റവന്യൂ കമ്മി ഇല്ലാതാക്കാൻ നടപടി സ്വീകരിച്ചു. ജനാധിപത്യ മൂല്യങ്ങളെ തകർക്കുന്ന സമീപനമാണ് കോൺഗ്രസ്സ് എക്കാലവും കൈക്കൊണ്ടിട്ടുള്ളത്. രാജ്യത്തിന്റെ പരമാധികാരത്തെയും വിദേശനയത്തെയും തകർക്കുന്ന നിലപാടാണ് ആണവക്കരാറിന്റെ കാര്യത്തിൽ കേന്ദ്രം സ്വീകരിച്ചിരിക്കുന്നത്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുന്നേറ്റത്തിന്റെ മൂന്നു വർഷങ്ങൾ കടക്കുന്ന സർക്കാർ, ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ടാണ് മുന്നോട്ട് നീങ്ങുന്നത്. സമഗ്രമായ സാമ്പത്തിക പുരോഗതിക്ക് അസ്ഥിവാരം ഇട്ടുകൊണ്ടുള്ള അച്ചടക്കബന്ധിതമായ നടപടികളെല്ലാം തന്നെ സംസ്ഥാനത്തിന്റെ ഭാസുരമായ ഭാവിക്ക് പ്രയോജനം ചെയ്യുമെന്ന പ്രതീക്ഷ ജനങ്ങളിൽ വളർത്തിയിരിക്കുകയാണ്. കേന്ദ്രവിഹിതം 30 ശതമാനത്തിൽ നിന്ന് 50 ശതമാനമായി വർദ്ധിപ്പിക്കണമെന്നും കേന്ദ്ര ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങൾ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുവെന്നും അനുയോജ്യമല്ലാത്ത നിബന്ധനകൾ എടുത്തുമാറ്റണമെന്നും സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ആവശ്യമുയർന്നിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന ബന്ധത്തിൽ കാര്യക്ഷമമായ ഒരു അഴിച്ചുപണി നടത്തിയാൽ മാത്രമേ കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങൾക്ക് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ. 3 കോടി രൂപയിൽ കൂടുതൽ ചെലവു വരുന്ന പുതിയ പദ്ധതികൾക്ക് മാത്രം ധനകാര്യ വകുപ്പിന്റെ അംഗീകാരം വാങ്ങിയാൽ

മതിയെന്ന സർക്കാരിന്റെ പ്രഖ്യാപനംകൊണ്ട് കാലവിളംബം ഒഴിവാക്കാൻ സാധിക്കും. ഡോളർ വിനിമയ മൂല്യത്തിലെ മാറ്റം സംസ്ഥാനത്തിന് കനത്ത നഷ്ടമുണ്ടാക്കിയിട്ടുണ്ട്. വിദേശ മലയാളികളുടെ ബാങ്ക് നിക്ഷേപങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. വികസന പ്രവർത്തനങ്ങളിൽ അഭൂതപൂർവ്വമായ നേട്ടം സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞു. ആഗോളവൽക്കരണ നയങ്ങൾമൂലം ഉളവായ ഭക്ഷ്യപ്രതിസന്ധി, വിലക്കയറ്റം, കേന്ദ്രവിവേചനം എന്നിവയിൽ നിന്നൊക്കെ സംസ്ഥാനത്തെ രക്ഷപ്പെടുത്തുന്നതിന് പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്തി. വിലക്കയറ്റം തടയുന്നതിനും കാർഷിക പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുമുള്ള സമഗ്രമായ പദ്ധതികൾക്ക് രൂപം കൊടുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വീണ്ടെടുക്കുന്ന ഭൂമി, മിച്ച ഭൂമി എന്നിവ ഭൂരഹിതർക്ക് തുല്യമായി വിതരണം ചെയ്യണം. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീടുകൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി എത്തിക്കുന്നതിനും ശാസ്ത്രീയമായ ജലനയം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും സർക്കാർ മുന്തിയ പരിഗണന നൽകുന്നുണ്ട്. വനസംരക്ഷണം ശക്തിപ്പെടുത്തുന്നതിനും 'ആരോഗ്യ കേരളം മാലിന്യമുക്ത കേരളം' പദ്ധതി പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളെ ലാഭകരമാക്കി പ്രവർത്തിപ്പിക്കാനും വ്യാവസായിക മാന്ദ്യം അവസാനിപ്പിക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കാനും കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലേയ്ക്ക് നയിക്കാനുമുള്ള ശ്രമങ്ങൾ നടന്നു വരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ

പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുന്നതിന് അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചു വരുന്നു. വികസന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകുന്ന നിലയിലുള്ള സാമ്പത്തികമായ നിയന്ത്രണങ്ങൾ ഒഴിവാക്കാനുള്ള നടപടികളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണപരമായ സ്വാതന്ത്ര്യം നൽകിയതും സ്വാഗതാർഹമാണ്. തൊഴിൽ കുഴപ്പങ്ങളില്ലാത്ത രണ്ടുവർഷങ്ങളാണ് സംസ്ഥാനത്ത് കടന്നുപോയത്. സംസ്ഥാനത്തെ പോലീസ് സേനയെ നവീകരിച്ചുകൊണ്ട് പോലീസിന് ഒരു ജനകീയ മുഖം നൽകി ക്രമസമാധാന രംഗത്ത് തൃപ്തികരമായ പ്രവർത്തനം നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. എം. ജെ. ജേക്കബ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാർ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന്റെ തെളിവാണ് ഉപധനാഭ്യർത്ഥനകൾ വഴി ചോദിച്ചിരിക്കുന്ന തുകകൾ. ശക്തമായ ധനകാര്യ മാനേജുമെന്റ് ഉണ്ടായെങ്കിൽ മാത്രമേ സംസ്ഥാനത്തിന് ഭാവിയുള്ളൂ എന്ന് സർക്കാർ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. 2010 ആകുമ്പോൾ ധനക്കമ്മി പൂജ്യം ശതമാനത്തിലേയ്ക്കെത്തിച്ച് കൂടുതൽ മൂലധനച്ചെലവിനുള്ള സ്കീമുകളുമായി മുന്നോട്ടു പോകുമെന്ന സർക്കാരിന്റെ പ്രഖ്യാപനം പ്രവർത്തികമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. പിറവം നിയോജകമണ്ഡലത്തിലടക്കം മുടങ്ങിക്കിടന്നിരുന്ന 750 കോടി രൂപയുടെ ശുദ്ധജലവിതരണ പദ്ധതികൾ പുനരാരംഭിക്കാൻ സാധിച്ചു. അധികാര വികേന്ദ്രീകരണം കാര്യക്ഷമമായി നടപ്പിലാക്കിയ ഒരു സംസ്ഥാനമാണ് കേരളം. പഞ്ചായത്ത്-ഗ്രാമവികസന-നഗര വികസന വകുപ്പുകൾ

സംയോജിപ്പിച്ചശേഷം സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള മാറ്റങ്ങൾ ശ്രദ്ധേയമാണ്. പെൻഷൻകാരുടെ കുടിശ്ശിക കൊടുത്തു തീർക്കാനും സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കാനും സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശികയടക്കം കൊടുത്തുതീർക്കാനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 7 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 24 ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. സാധാരണ ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ മനസ്സിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടക്കുന്നത്.

<u>ശ്രീ. കെ. കെ. ഷാജു</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. അനുവദിക്കുന്ന പണം പോലും ചെലവഴിക്കാൻ സർക്കാരിന് സാധിക്കുന്നില്ല. വികസന പ്രവർത്തനങ്ങളൊന്നും സംസ്ഥാനത്ത് നടക്കുന്നില്ല. കാർഷിക കടാശ്വാസ കമ്മീഷനും ദേശീയ തൊഴിൽ ഉറപ്പു പദ്ധതിയും സംസ്ഥാനത്ത് നോക്കുകുത്തിയായി മാറിയിരിക്കുകയാണ്. സംസ്ഥാനത്ത് ഏറ്റവും വലിയ വിലക്കയറ്റമാണ് ഇപ്പോൾ അനുഭവപ്പെടുന്നത്. അരിവില പിടിച്ചു നിർത്തുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടു. സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമല്ല. വിദ്യാഭ്യാസ മേഖല കുത്തഴിഞ്ഞ് കിടക്കുകയാണ്.

<u>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂ-ലിക്കുന്നു. നാട്ടിലെ ദുരിതത്തെ സംബന്ധിച്ചും പട്ടിണിയെ സംബന്ധിച്ചും എന്തെങ്കിലും പറഞ്ഞാൽ അത് രാജ്യദ്രോഹമായി ചിത്രീകരിക്കുന്ന രീതിയിലുള്ള അഭിപ്രായപ്രകടനമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നത്. ഇൻഡ്യൻ ജനാധിപത്യത്തിന്റെ ഒരു കറുത്ത

ദിനമായിരുന്നു ഇന്നലെ കടന്നുപോയത്. 1957-ലെ ഇ.എം.എസ്. ഗവൺമെന്റിനെ താഴെയിറക്കാൻ സി.ഐ.എ. പണം ചെലവഴിച്ചു എന്ന് അമേരിക്കൻ അംബാസിഡർ പറഞ്ഞിട്ടുണ്ട്. യു.പി.എ. ഗവൺമെന്റ് കോടിക്കണക്കിന് രൂപ വിശ്വാസപ്രമേയം പാസ്സാക്കിക്കിട്ടുന്നതിനുവേണ്ടി ചെലവഴിച്ചു. രാജ്യത്ത് വർഗ്ഗീയശക്തികൾ അധികാരത്തിലേറാതിരിക്കാനാണ് ഇടതുപക്ഷപ്രസ്ഥാനങ്ങൾ യു.പി.എ. സർക്കാരിന് പിന്തുണ നൽകിയത്. അധികാരദുർവിനിയോഗം നടത്തിയവരാണ് ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്നത്. വർഗ്ഗീയത ഈ രാജ്യത്തിന് ആപത്താണ്. കാര്യങ്ങളെ യാഥാർത്ഥ്യബോധത്തോടുകൂടി കാണണം. അമേരിക്കൻ സാമ്രാജ്യത്വം സ്ഥാപിക്കാൻ എം.പി.മാർക്ക് കോടികൾ കൊടുത്ത് വശത്താക്കുകയാണ് ചെയ്തത്. ബി.ജെ.പി.-ക്കും വർഗ്ഗീയ ശക്തികൾക്കും എതിരായിട്ടാണ് ഇടതുപക്ഷജനാധിപത്യമുന്നണി പ്രവർത്തിക്കുന്നത്.

<u>ശ്രീ. കെ. ടി. ജലീൽ</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക രംഗത്തുണ്ടായിരുന്ന മാന്ദ്യവും സ്തംഭനാവസ്ഥയും ഇല്ലാതാവുകയും പുരോഗതിയുടെ വഴിയിലേയ്ക്ക് പ്രവേശിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിലാണ് ഈ ഉപധനാഭ്യർത്ഥനകൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എം.എൽ.എ.-മാർക്ക് നിയോജകമണ്ഡലങ്ങളിൽ നിർമ്മാണപ്രവർത്തനം നടത്താൻ രണ്ട് കോടി രൂപയാണ് അനുവദിച്ചത്. നാടിന്റെ അഭിവൃദ്ധിക്കും രാജ്യപുരോഗതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും യാതൊരു നിയന്ത്രണവുമില്ല. യുദ്ധകാലാടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുത്ത് കേരളത്തിലെ മുഴുവൻ റെയിൽവേ മേൽപ്പാലങ്ങളുടെയും പണി പൂർത്തിയാക്കാനുള്ള പ്രാരംഭ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ധനക്കമ്മി

കുറയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. പ്രഖ്യാപിച്ച നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമില്ലാതെ ഖജനാവിലെ ചോർച്ച തടയാനാവശ്യമായ നടപടികൾ സ്വീകരിച്ചു. ആയിരം ഹയർ സെക്കന്ററി അദ്ധ്യാപക തസ്തിക സൃഷ്ടിച്ചുകൊണ്ട് വിദ്യാഭ്യാസരംഗത്ത് മികവുറ്റ പ്രവർത്തനം കാഴ്ചവച്ചു. ഉന്നതവിദ്യാഭ്യാസ രംഗത്ത് കോളേജുകളിൽ 700 അദ്ധ്യാപകരെ നിയമിച്ചു. പൊതുമുതൽ കൊള്ളയടിക്കാൻ പാടില്ല. സാമ്പത്തിക-രാഷ്ട്രീയ സ്വാതന്ത്ര്യം അടിമപ്പെടുത്താനോ അടിയറ വയ്ക്കാനോ പാടില്ല. നമ്മുടെ രാജ്യത്ത് ഇപ്പോൾ ഉണ്ടായിരിക്കുന്ന നാണയപ്പെരുപ്പം കേരളത്തിന്റെ സാമ്പത്തിക മേഖലയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. രാജ്യത്തിന്റെ അഭിമാനം അടിയറ വച്ചുകൊണ്ട് മുന്നോട്ടുപോകുന്ന കേന്ദ്ര ഗവൺമെന്റ് സമീപനത്തിന് അടുത്ത തെരഞ്ഞെടുപ്പിൽ വിപരീത ഫലമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. എം.എം. മോനായി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റിലൂടെ നമ്മുടെ സംസ്ഥാനത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിനായി വളരെ മാതൃകാപരമായ നടപടികളാണ് ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ളത്. ധനകാര്യ മാനേജുമെന്റ് കുറേക്കൂടി നല്ല നിലയിൽ കൊണ്ടുപോകുന്നതിനായി കൃത്യമായ സാമ്പത്തിക നടത്തിപ്പിനുള്ള നടപടികളുണ്ടാകണം. ന്യൂ സർവ്വീസ് പ്രൊസീഡ്യുവറിന്റെ ഭാഗമായി ഒട്ടനവധി ഡിപ്പാർട്ടുമെന്റുകളിൽ വാഹനങ്ങൾ വാങ്ങുന്നതിനായി അധിക തുക ആവശ്യപ്പെട്ടിട്ടുള്ളത് പുനരാലോചിക്കണം. ചെലവഴിക്കുന്ന പണം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച കർഷക കടാശ്വാസ

പദ്ധതിപ്രകാരമുള്ള 50 കോടി രൂപ ഈ ഗവൺമെന്റ് നൽകിയത് സ്വാഗതാർഹമായ കാര്യമാണ്. പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാനുള്ള ഇച്ഛാശക്തി ഈ ഗവൺമെന്റിനുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ അഭിവൃദ്ധി ക്കായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിട്ടിയുടെ വായ്പ കൺവെർട്ട് ചെയ്യാൻ പ്രൊവിഷൻ വച്ചിട്ടുള്ളതും ജലസേചന വകുപ്പിൽ നബാർഡുമായി ബന്ധപ്പെട്ട് സ്പാൻ പദ്ധതി നടപ്പിലാക്കിയതും സ്വാഗതാർഹമാണ്. വർഷങ്ങളായി മുടങ്ങിക്കിടന്ന പൊതുമേഖലാ സ്ഥാപന ങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻവേണ്ടി വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിനും ആവശ്യമായ ബഡ്ജറ്റ് സപ്പോർട്ട് കൊടുക്കുന്നതിനും വായ്പകൾ എഴുതിത്തള്ളാനും കൺവെർട്ട് ചെയ്യാനും നടപടി സ്വീകരിച്ചു. ലക്ഷംവീടുകളുടെ പുനരുദ്ധാരണത്തിനുവേണ്ടി ബമ്പർ ലോട്ടറി, വരുമാനം കുറഞ്ഞ ഇ.ഡബ്ലിയു.എസ്., എൽ.ഐ.ജി. എന്നിവരുടെ വായ്പകൾ എഴുതിത്തള്ളൽ, പത്രപ്രവർത്തകർക്ക് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി, അടച്ചുപൂട്ടിയ പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ, നോർക്ക വെൽഫയർ ഫണ്ട്, വിവിധ ഇൻഷ്വറൻസ് പദ്ധതികൾ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കായി കേന്ദ്ര ഗവൺമെന്റ് സ്കീം പ്രകാരമുള്ള രാഷ്ട്രീയ സ്വസ്ത് ബീമ യോജനയുടെ ആനുകൂല്യങ്ങൾ, അതിനുപുറമെ കേരള കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം, ക്ഷീര വികസന ത്തിനായി ക്വാളിറ്റി കൺട്രോൾ ലബോറട്ടറി, സ്വാതന്ത്ര്യ സമര സേനാനിക ളുടെയും കർഷകത്തൊഴിലാളികളുടെയും പെൻഷൻ വർദ്ധിപ്പിക്കൽ, മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിന് 10 കോടി രൂപ വകയിരുത്തൽ എന്നീ നടപടികൾ സ്വീകരിച്ചുള്ളത് അഭിനന്ദനാർഹമാണ്. 5 കോടി രൂപയുടെ

സഹായം കൺസ്യൂമർ ഫെഡറേഷന് നൽകിക്കൊണ്ട് സഹകരണ മേഖല യോടുള്ള പ്രതിബദ്ധത തെളിയിച്ചു. കെ.എസ്.എഫ്.ഇ.-ക്ക് പുതിയ മുഖം നൽകി. സാമ്പത്തിക രംഗത്ത് ഈ ഗവൺമെന്റ് പുതിയ സമീപനം സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്.

ശ്രീ. സി.പി. മുഹമ്മദ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. രണ്ടു വർഷംകൊണ്ട് സംസ്ഥാനത്തിന്റെ കടം 45,637 കോടി രൂപയിൽ നിന്നും 62,000 കോടി രൂപയായി വർദ്ധിച്ച ഒരു സാമ്പത്തിക സ്ഥിതിയാണ് ഇവിടെ നിലനിൽക്കുന്നത്. സ്വർണ്ണക്കച്ചവടക്കാരിൽ നിന്ന് നികുതിപിരിക്കുമെന്ന് പറഞ്ഞെങ്കിലും അതിന് വ്യക്തമായ നിർദ്ദേശങ്ങളൊന്നുമില്ല. അന്താരാഷ്ട്ര പഠനത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തിലെ 15 ഐ.ടി. നഗരങ്ങളെ തെരഞ്ഞെടുത്തപ്പോൾ ഇൻഡ്യയിലെ നാല് നഗരങ്ങൾ മാത്രമാണ് അതിൽ ഉൾപ്പെട്ടിട്ടുള്ളത്. അമേരിക്കൻ സാമ്രാജ്യത്വവാദികളുടെ ഏറ്റവും വലിയ മുതലാളിയായ മൈക്രോസോഫ്റ്റിന്റെ വിൻഡോസാണ് നമ്മുടെ കമ്പ്യൂട്ടറുകളിൽ ഉപയോഗിക്കുന്നത്. മാർക്സിസ്റ്റ് പാർട്ടിയുടെ അമേരിക്കൻ സാമ്രാജ്യത്വ വിരോധം അപഹാസ്യമാണ്. സംസ്ഥാന ഗവൺമെന്റ് ഒപ്പു വച്ച അമേരിക്കയുടെ ചരടുകളുള്ള കരാറുകൾ റദ്ദ്ചെയ്ത് മാതൃക കാട്ടാൻ തയ്യാറാകണം. മതേതരത്വത്തിന്റേയും വർഗ്ഗീയവാദികളുടേയും കൂടെ ഒരുമി ച്ചുനിൽക്കുന്ന ശൈലിയാണ് സി.പി.ഐ.(എം) സ്വീകരിക്കുന്നത്. ഈ ഗവണ്മെന്റ് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായുണ്ടായ ഒരു മുസ്ലീം ചീഫ് സെക്രട്ടറിയെ പുറത്താക്കുകയാണ് ചെയ്തത്. ഇന്നല്ലെങ്കിൽ നാളെ സി.പി.ഐ.(എം) പാർട്ടിക്ക് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനോടൊപ്പം സഹകരിച്ച് പ്രവർത്തിക്കേണ്ടിവരും.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സുതാര്യവും സുദൃഢവും കാര്യക്ഷമവുമായ ഭരണമാണ് കേരളത്തിൽ നടക്കുന്നത്. കഴിഞ്ഞ രണ്ടുവർഷക്കാലം പൊതുമേഖലാ സ്ഥാപനങ്ങളുടെ വസന്തകാലമായിരുന്നു. നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന നിരവധി പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കി. നികുതിപിരിവ് ഊർജ്ജിതമാക്കിയതിന്റെ ഫലമായി മുൻ കൊല്ലങ്ങളെ അപേക്ഷിച്ച് വാണിജ്യ നികുതി, എക്സൈസ് നികുതി, ലോട്ടറി നികുതി എന്നീ ഇനങ്ങളിൽ വൻതോതിൽ വരുമാന വർദ്ധനവുണ്ടായി. കേന്ദ്ര ഭരണത്തിന്റെ ഫലമായി കഴിഞ്ഞവർഷം പണപ്പെരുപ്പ നിരക്ക് 4.42 ശതമാനമായിരുന്നത് ഈ വർഷം 11.89 ശതമാനമായി സർവ്വകാല റിക്കോഡ് സൃഷ്ടിച്ചിരിക്കുകയാണ്. രാജ്യത്തെ വ്യാവസായിക ഉൽപ്പാദന വളർച്ചാ നിരക്കും, വൈദ്യുതി ഉൽപ്പാദന വളർച്ചാ നിരക്കും ചുരുങ്ങുകയും വിലക്കയറ്റ നിരക്ക് 30 ശതമാനത്തിലേറെ വർദ്ധിക്കുകയും ചെയ്തു. ഇൻഡ്യയിലെ 78 ശതമാനത്തോളം ജനങ്ങൾ പ്രതിദിനം 20 രൂപയിൽ താഴെ വരുമാനമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിക്കുന്നവരാണ്.

ശ്രീ. സാജുപോൾ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന ഖജനാവിൽ നിന്നും കോടിക്കണക്കിന് രൂപ വിനിയോഗിക്കാൻ അനുവാദം നൽകുമ്പോൾ അത് ജനക്ഷേമകരമായിത്തന്നെ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇന്നത്തെ ഭരണസംവിധാനത്തിൽ ആവശ്യമായ ഉടച്ചുവാർക്കൽ നടപടികൾ സ്വീകരിക്കണം. സെക്രട്ടേറിയറ്റ്, ഡയറക്ടറേറ്റ്, കമ്മീഷണറേറ്റ് എന്നിങ്ങനെയുള്ള വ്യത്യസ്ത സംവിധാനങ്ങൾ ആവശ്യമുണ്ടോയെന്ന് ഗൗരവമായി ചിന്തിക്കണം. നിയമസഭ അനുവദിക്കുന്ന തുകയിൽ സിംഹഭാഗവും ചുവപ്പുനാടയിൽ കുടുങ്ങി ജനങ്ങളി

ലേയ്ക്ക് എത്താത്ത സാഹചര്യമാണുള്ളത്. ഉദ്യോഗസ്ഥ പുനർവിന്യാസ ത്തിന്റെ ഭാഗമായി പ്രൊട്ടക്ടഡ് അധ്യാപകരെ പഞ്ചായത്തുകളിലേയ്ക്കും മറ്റും വിന്യസിക്കുമെന്ന പ്രഖ്യാപനം എത്രയും വേഗം നടപ്പാക്കണം. സംസ്ഥാന സിവിൽ സർവ്വീസ് അടിയന്തിരമായി പ്രാബല്യത്തിൽ കൊണ്ടു വരണം. പെൻഷൻപ്രായം ഉയർത്തുന്നതു സംബന്ധിച്ച് ചർച്ച ചെയ്ത് സമവായം ഉണ്ടാക്കുന്നതിനും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്ഥാപി ക്കുന്നതിനും നടപടിയുണ്ടാകണം. അധ്യാപകവൃത്തിക്ക് ആളെ കിട്ടാനില്ലാ ത്തതിനാൽ ടീച്ചേഴ്സ് സർവ്വീസ് ആരംഭിക്കുന്ന കാര്യം ഗൗരവമായി ചർച്ച ചെയ്യണം. മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് വിദ്യാഭ്യാസ മേഖലയെ പരിഷ്ക്കരിക്കാൻ കഴിയണം. മാതൃഭാഷയുടെ പ്രാധാന്യം കുട്ടികളിലെത്തിക്കത്തക്കവിധത്തിലുള്ള വിപ്ലവകരമായ പ്രവർത്തന ങ്ങളുമായി മുന്നോട്ടുപോകണം. കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിന് അവിടത്തെ ഉദ്യോഗസ്ഥ സംവിധാനത്തെ ഫലപ്രദ മായി ഉപയോഗപ്പെടുത്താൻ കഴിയണം. സർക്കാരിന്റെ ആസ്തികൾ തിട്ടപ്പെടുത്തി പരിരക്ഷിക്കാൻ കഴിയണം. പൊതുമേഖലാ സ്ഥാപനങ്ങൾ അന്യാധീനപ്പെട്ടുപോകുന്ന സാഹചര്യം ഒഴിവാക്കാൻ കഴിയണം. പ്ലാസ്റ്റിക് പൂർണ്ണമായി നിരോധിക്കണം. മാലിന്യ സംസ്ക്കരണത്തിന് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിയണം. മദ്യത്തിനെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്തണം. റിവർ മാനേജ്മെന്റ് ഫണ്ട് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. വെള്ളപ്പൊക്ക ദുരിതാശ്വാസ കുടിശ്ശിക തുക കൊടുത്തുതീർക്കണം. എം.എൽ.എ.-ഫണ്ട് എം.എൽ.എ.-മാർ ശുപാർശ ചെയ്യുന്ന വർക്കുകൾക്ക് ഉപയോഗിക്കാൻ സംവിധാനമുണ്ടാക്കണം. എൻ.ആർ.എച്ച്.എം. ഫണ്ട് ഫലപ്രദമായി വിനിയോഗിക്കണം. സെറിഫെഡ്

പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കണം. പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസിന്റെ പ്രവർത്തനം യാഥാർത്ഥ്യമാക്കണം. ജനക്ഷേമകരമായ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന പ്രതിപക്ഷ സമീപനം ഉപേക്ഷിക്കണം.

<u>ശ്രീ. പി. തിലോത്തമൻ</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ഒരു പുതിയ ദിശയിലൂടെ നയിക്കാൻ പര്യാപ്തമായ നയം ആവിഷ്ക്കരിച്ച് ഈ ഗവൺമെന്റ് വിജയകരമായി മുന്നോട്ടുപോകുകയാണ്. ജനാധിപത്യവിശ്വാസത്തെ കളങ്കപ്പെടുത്തുന്ന വിധത്തിലുള്ള കാഴ്ചകളാണ് വിശ്വാസ പ്രമേയ ചർച്ചാ വേളയിൽ ലോക്സഭയിൽ കാണാൻ കഴിഞ്ഞത്. പണം ആധിപത്യം നേടുമ്പോൾ തകരുന്നത് ജനവിധിയും ജനാധിപത്യ മൂല്യങ്ങളുമാണ്. ക്രിമിനലുകളേയും അർഹതയില്ലാത്തവരേയും ജനാധിപത്യ വ്യവസ്ഥിതിയുടെ ഭാഗമാക്കി അധികാരം വഴിവിട്ട് ഉപയോഗിക്കുകയും ജനാധിപത്യത്തെ ചവിട്ടി മെതിക്കുകയും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിന് സഹായിച്ച രാജ്യങ്ങളെ അടച്ചാക്ഷേപിക്കുകയും ചെയ്യുന്ന നയങ്ങളാണ് കേന്ദ്രം സ്വീകരിക്കുന്നത്.

<u>ശ്രീ.രാജു എബ്രഹാം</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആദ്യമായി കേരളത്തിൽ മൂലധന നിക്ഷേപം വർദ്ധിപ്പിക്കാൻ കഴിയുന്ന വിധത്തിൽ വികസനപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. റവന്യൂ എക്സ്പെൻഡീച്ചർ ഫലപ്രദമായി വിനിയോഗിച്ചു. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയും ലക്ഷം വീട് നവീകരണ പദ്ധതിയും പ്രാവർത്തികമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ബജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച കാര്യങ്ങൾ ഓരോന്നായി നടപ്പിലാക്കാനുള്ള ധീരമായ നടപടികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. അനാഥാലയങ്ങളെ സാമ്പത്തികമായി

സഹായിക്കാനുള്ള നടപടികൾ ശ്ലാഘനീയമാണ്. വിവിധ പെൻഷനുകൾ നടപ്പിലാക്കുന്നതിനുള്ള തീരുമാനം ശ്രദ്ധേയമാണ്. ഭരണ/പ്രതിപക്ഷ ഭേദമെന്യേ മണ്ഡലങ്ങളിൽ വർക്കുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള തീരുമാനം സ്വാഗതാർഹമാണ്. കേന്ദ്ര അവഗണന മറികടന്ന് വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക സുസ്ഥിരത കൈവരിക്കാനുള്ള ശ്രമങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. രാജ്യത്ത് മതേതര സർക്കാർ നിലനിൽക്കുന്നതിനുവേണ്ടിയാണ് ആദർശമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് കേന്ദ്ര ഗവൺമെന്റിനെ ഇടതുപക്ഷകക്ഷികൾ ഏകപക്ഷീയമായി പിന്തുണച്ചത്. രാജ്യപുരോഗതിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി കാംക്ഷിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയസമീപനം മൂലം വികസ്വര രാജ്യങ്ങളുടെയിടയിൽ ഇന്ത്യ വളരെ പിന്നിലാവുകയും രാജ്യത്തെ 25% ആളുകൾ പട്ടിണിയിലാവുകയും ചെയ്തിരിക്കുന്നു. ഇന്ത്യയിൽ തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കാൻ കേന്ദ്രഗവൺമെന്റ് സന്നദ്ധമായത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രേരണമൂലമാണ്. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയസമീപനംമൂലം തെരഞ്ഞെടുപ്പുനടന്ന 13 സംസ്ഥാനങ്ങളിലും കോൺഗ്രസ് പാർട്ടി പരാജയപ്പെടുകയും ബി.ജെ.പി. വിജയിക്കുകയും ചെയ്തു. എന്നാൽ ഇടതുപക്ഷ പാർട്ടികൾക്ക് മുൻതൂക്കമുള്ള ഒരു സംസ്ഥാനത്തും ബി.ജെ.പി. വിജയിക്കുന്നില്ല. കൊടിയ വിലക്കയറ്റത്തിനും പണപ്പെരുപ്പത്തിനും എതിരെ ഇന്ത്യയിൽ മൂന്നാം ബദൽ ശക്തികൾ ഉയർന്നുവരേണ്ടതിന്റെ പ്രാധാന്യം കൂടുകയാണ്.

<u>ശ്രീ. ജി. കാർത്തികേയൻ:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2006-07-ൽ വിവിധ പദ്ധതികൾക്കായി നിയമസഭ പാസ്സാക്കിയ 8823 കോടി രൂപ സംസ്ഥാന ഗവൺമെന്റിന്റെ ഭരണവിഭാഗം ഇതുവരെ ചെലവഴിച്ചിട്ടില്ല.

ഈ തുക ചെലവഴിക്കാത്തതുകൊണ്ടാണ് ഇവിടെ ധനകമ്മിയും റവന്യൂ കമ്മിയും കുറഞ്ഞത്. ഇത് ഭരണമേന്മയല്ല. എച്ച്.എം.ടി. മെർക്കിൻസ്റ്റൺ ഭൂമി ഇടപാടുകൾ മൂന്നാർ ഭൂമി ഒഴിപ്പിക്കൽ എന്നിവ സംബന്ധിച്ച് നിയമസഭയിൽ ഉന്നയിച്ച ചോദ്യങ്ങൾക്കൊന്നിനും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല. ഗവൺമെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് പറയുന്ന പ്രസിദ്ധീകരണത്തിൽപ്പോലും അസത്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. മൂന്നാറിൽ എവിടെയാണ് ഭൂമി വീണ്ടെടുത്തതെന്നും ഗോൾഫ് ക്ലബുമായി ബന്ധപ്പെട്ട് എത്ര പണം ചെലവായി, അതിന്റെ നടപടിയെന്തായി എന്നും സഭയെ അറിയിക്കണം. ബസ് ചാർജ്ജ് വർദ്ധനവിന്റെയും വൈദ്യുതി ചാർജ്ജിൽ വരാൻ പോകുന്ന വർദ്ധനവിന്റെയും കെടുതികൾ കേരളം അനുഭവിച്ചുകൊണ്ടിരിക്കുന്നു. 12 കേന്ദ്രാവിഷ്കൃത പദ്ധതികളുള്ളതിൽ 5 പദ്ധതികൾക്കുമാത്രമാണ് ഏകദേശം 90% ധനവിനിയോഗം നടത്തിയിട്ടുള്ളത്. ബാക്കി 7 എണ്ണത്തിനും 50%-ൽ താഴെമാത്രമാണ് ധനവിനിയോഗം നടന്നിട്ടുള്ളത്. കേരളത്തിൽ ദേശീയ തൊഴിലുറപ്പു പദ്ധതി എന്തായി എന്നുള്ളത് ഗവൺമെന്റ് വ്യക്തമാക്കണം. കേരളത്തിലെ പാവപ്പെട്ട തൊഴിലില്ലാത്ത അവിദഗ്ദ്ധരായ തൊഴിലാളികൾക്കും 30% സ്ത്രീകൾക്കും സംരക്ഷണം നൽകാനുതകുന്ന വിധത്തിലുള്ള തൊഴിലുറപ്പു പദ്ധതിക്ക് കേരളത്തിൽ 107.5 കോടി രൂപയുടെ ഫണ്ട് അവയിലബിലിറ്റി യുണ്ടായിരുന്നിട്ടും 13 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള പഞ്ചായത്തുകൾ ഈ ഫണ്ട് വിനിയോഗിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു. ജനാധിപത്യവിരുദ്ധമായ, തൊഴിലാളി വിരുദ്ധമായ നിലപാടുകളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പൂർണ്ണമായും ഗ്രാമസഭകൾക്ക്

നിയന്ത്രണം കൊടുത്തുകൊണ്ടുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് താല്പര്യമില്ല. കന്ദ്ര ഗവൺമെന്റിന്റെ തൊഴിലുറപ്പു പദ്ധതിയെ ഈ ഗവൺമെന്റ് അട്ടിമറിച്ചിരിക്കുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇന്ത്യയുടെ പരമാധികാരത്തേയും സ്വാതന്ത്ര്യത്തേയും അപഹസിക്കുകയും കളിയാക്കുകയും അമേരിക്കയ്ക്ക് അടിയറവ് വയ്ക്കുകയും ചെയ്തുവെന്ന് ഭരണപക്ഷത്തുനിന്നും സംസാരിച്ചവർ പറയുകയുണ്ടായി കമ്മ്യൂണിസ്റ്റ് രാഷ്ട്രങ്ങളുമായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ബന്ധമുണ്ടായിരുന്നുവെന്നത് സത്യമാണ്. കമ്മ്യൂണിസത്തിന്റെ നല്ല വശങ്ങൾ ഉൾക്കൊണ്ട ഒരു നേതാവായിരുന്നു ജവഹർലാൽ നെഹ്റു. നാലു വർഷക്കാലം യു.പി.എ. ഗവൺമെന്റിനെ പിന്തുണച്ചതിന് ശ്രീമതി സോണിയാഗാന്ധി പ്രതിപക്ഷങ്ങളോട് നന്ദി പറഞ്ഞത് കോൺഗ്രസ്സിന്റെ സംസ്ക്കാരവും മാന്യതയും കൊണ്ടാണെന്നു മനസ്സിലാക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അമേരിക്കയുടെ താൽപ്പര്യം സംരക്ഷിക്കുന്നവരെന്ന നിലയിൽ പ്രതിപക്ഷത്തെ അപഹസിച്ചും കളിയാക്കിയും ഭരണപക്ഷം സംസാരിച്ചു എന്നു പറയുകയുകയുണ്ടായി. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനുവേണ്ടി ജീവാർപ്പണം ചെയ്തവരാണ് കമ്മ്യൂണിസ്റ്റുകാരെന്ന കാര്യം മറക്കരുത്. 1942-ൽ നടന്ന ക്വിറ്റ് ഇന്ത്യാ സമരത്തിൽ ഇടതുപക്ഷങ്ങളെടുത്ത നിലപാട് സുപ്രസിദ്ധമാണ്. രണ്ടാം ലോകമഹായുദ്ധത്തിൽ സ്തുത്യർഹമായ പങ്കു വഹിക്കാൻ ഇടതുപക്ഷത്തിന് കഴിഞ്ഞു. ഇന്ത്യയും ചൈനയും തമ്മിലുള്ള തർക്കത്തിൽ ആയുധമെടുക്കാതെ പരസ്പരം ചർച്ച ചെയ്ത് പരിഹരിക്കണമെന്ന നിലപാടാണ് ഇടതുപക്ഷം സ്വീകരിച്ചത്. ഇന്ത്യയേയും

ചൈനയേയും തമ്മിൽ അകറ്റുക എന്നതാണ് അമേരിക്കയുടെ ലക്ഷ്യം. ഇന്ത്യാരാജ്യത്തെ അമേരിക്കയ്ക്ക് അടിയറവ് വയ്ക്കുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങളാണ് കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആണവക്കരാർ സംബന്ധിച്ച എല്ലാ കാര്യങ്ങളും പ്രതിപക്ഷകക്ഷികളുമായി ചർച്ച ചെയ്തശേഷം മാത്രമേ ഐ.എ.ഇ.എ.-യുമായി ചർച്ചയ്ക്കു പോകൂ എന്ന വാഗ്ദാനംപോലും കേന്ദ്ര ഗവണ്മെന്റ് പരസ്യമായി ലംഘിക്കപ്പെട്ടിരിക്കുകയാണ്. കാപട്യം നിറഞ്ഞതും ജനാധിപത്യവിരുദ്ധവുമായ പ്രവർത്തനങ്ങളിൽ നിന്നും പ്രതിപക്ഷം പിൻമാറണം. ഇവിടെ ഒരു പുനർചിന്തനം അത്യാവശ്യമാണ്. ആണവശക്തികളുമായി ബന്ധം സ്ഥാപിച്ചാൽ കാറ്റിൽ നിന്നും ജലത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനേക്കാൾ കുറഞ്ഞ ചെലവിൽ വൈദ്യുതി ഉലാപാദിപ്പിക്കാൻ കഴിയുമെന്നാണ് അമേരിക്കയുടെ വാദം. കമ്മ്യൂണിസ്റ്റ് പാർട്ടികളെ ദേശദ്രോഹികളെന്നു ചിത്രീകരിക്കാൻ നടത്തുന്ന ശ്രമങ്ങൾ വിജയിക്കാൻ പോകുന്നില്ല. രാഷ്ട്രീയമായ ഭിന്നതകൾ തുറന്നു പറഞ്ഞ് പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കണം. വർഗ്ഗീശക്തികൾക്കെതിരെ ഒന്നിച്ചു നിന്നു പോരാടണം. ആണവക്കരാർ പ്രശ്നത്തിൽ കേന്ദ്ര ഗവണ്മെന്റ് സ്വീകരിച്ച നയസമീപനം തിരുത്താൻ തയ്യാറാകണം.

ധനകാര്യവകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 700-ൽ ചില്വാനം കോടി രൂപയുടെ ഉപധനാഭ്യർത്ഥന ചോദിച്ചിരിക്കുന്നത് സാമ്പത്തിക അച്ചടക്കമില്ലായ്മയാണെന്നു പറയുകയുണ്ടായി. ചെലവാക്കിക്കഴിഞ്ഞ

പണം അഡീഷണൽ ആതറൈസേഷൻ വഴി റെഗുലറൈസ് ചെയ്യുക എന്നതാണ് ഉപധനാഭ്യർത്ഥന കൊണ്ടുദ്ദേശിക്കുന്നത്. ബഡ്ജറ്റ്

പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള പ്രഖ്യാപനങ്ങൾ നടപ്പാക്കാനാവശ്യമായ പണം വകയിരുത്തിയിട്ടുണ്ട്. ഇവിടെ പ്രധാനമായി വന്ന ആക്ഷേപം പദ്ധതിചെലവ് കുറഞ്ഞുവെന്നുള്ളതാണ്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തേതിനേക്കാൾ കൂടുതലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പദ്ധതിച്ചെലവ്. സെൻട്രലി സ്പോൺസേർഡ് സ്കീമിൽ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് (2006-2007-ൽ) 840 കോടി രൂപ വക യിരുത്തിയിരുന്ന സ്ഥാനത്ത് 530 കോടി രൂപയാണ് ചെലവഴിച്ചത്. എന്നാൽ ഈ ഗവൺമെന്റ് 2007-2008 വർഷത്തിൽ 995 കോടി രൂപ വകയിരുത്തിയതിൽ 824 കോടി രൂപ ചെലവാക്കി. പദ്ധതിച്ചെലവ് നൂറ് ശതമാനമാക്കുന്നതിനു വേണ്ടിയുള്ള ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. അത് ക്യാബിനറ്റിന്റെ പരിഗണന യിലാണ്. നൂറ് ശതമാനം കേന്ദ്ര വിഹിതമുള്ള പദ്ധതികൾക്ക് ബന്ധപ്പെട്ട വകുപ്പിന് നേരിട്ട് ആപ്ളിക്കേഷൻ കൊടുക്കാം. ഫിനാൻസിൽ ഇന്റിമേഷൻ കൊടുത്താൽ മതി. വർഷംതോറും അനുവാദം വാങ്ങിക്കേണ്ട പദ്ധതികൾക്ക് ഒരിക്കൽ അനുവാദം കിട്ടിക്കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിക്കൊണ്ട് പോകാൻ കഴിയും. കേന്ദ്രാവിഷ്ക്കൃത സ്കീമുകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഫിനാൻഷ്യൽ കൺട്രോളിൽ ഈ വർഷം മുതൽ വലിയ ഇളവ് കൊണ്ടുവരികയാണ്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ കടാശ്വാസ നിയമ പ്രകാരം നൽകിയ ഇളവിന്റെ പണം ഇതുവരെ കൊടുത്തിട്ടില്ല. കുടുംബശ്രീക്ക് കൊടുത്ത പണം കുറഞ്ഞുപോയി എന്ന് പറയുകയുണ്ടായി. കുടുംബശ്രീക്ക് ബാങ്കിൽ പണം കിടക്കുന്നതുകൊണ്ടാണ് ഈ വർഷം തുക കുറച്ചത്. യു.ഡി.എഫ് ഗവൺമെന്റ് റവന്യൂ ചെലവ് കുറയ്ക്കുന്നതിനുവേണ്ടി പരമ്പരാഗത വ്യവസായങ്ങളുടെ സബ്സിഡി വെട്ടിക്കുറയ്ക്കുന്ന നടപടിയാണ്

സ്വീകരിച്ചിട്ടുള്ളത്. പാവപ്പെട്ടവർക്ക് പരിഗണന കൊടുക്കുന്ന ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം

നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിൻമേലുള്ള ഉപധനാഭ്യർത്ഥനയും 30-നെതിരെ 82 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**അറിയിപ്പ്**

<u>മി. സ്പീക്കർ :</u> നിയമസഭയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച 'സുവർണ്ണ ജൂബിലി സ്മരണിക' മീഡിയാ റൂമിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷ നേതാവിന് നൽകി പ്രകാശനം ചെയ്യുന്നതാണ്.

(4.30-ന് സഭ നിറുത്തിവയ്ക്കുകയും 5.00 മണിക്ക് പുന:രാരംഭിക്കുകയും ചെയ്തു..)

**നിയമനിർമ്മാണ കാര്യം**

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും</u>

(1) <u>2008-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (<u>ശ്രീ. പാലോളി മുഹമ്മദ് കുട്ടി</u>) : പ്രമേയത്തെ പിന്താങ്ങുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): ഈ ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ വിശദമായ പരിശോധന നടത്തി പരസ്പര ധാരണയോടുകൂടി കൊണ്ടുവന്നിട്ടുള്ളതാണ്.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2 മുതൽ 4 വരെയുള്ള വകുപ്പുകൾ</u>

2 മുതൽ 4 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2 മുതൽ 4 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

ശ്രീ. തോമസ് ചാണ്ടി : 1-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. മിനിമം ടി.എ. നിലവിലുള്ളതിന്റെ 50 ശതമാനംകൂടെ വർദ്ധിപ്പിക്കണം.

ശ്രീ.കെ.കെ. ഷാജു: മിനിമം ടി.എ.യിൽ 50 ശതമാനം വർദ്ധനവ് വരുത്തണം.

ശ്രീ.പി.സി. ജോർജ്: മിനിമം ടി.എ.യിൽ 50 ശതമാനം വർദ്ധനവ് വരണമെങ്കിൽ 1250 രൂപകൂടി കൂട്ടണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 5-ാം വകുപ്പിൽ സമാന സ്വഭാവമുള്ള മൂന്ന് ഭേദഗതികളാണ് കൊണ്ടുവന്നിട്ടുള്ളത്. സാധാരണ നിയമനിർമ്മാണം നടത്തുന്നത് മറ്റുള്ളവർക്കുവേണ്ടിയാണ്. എന്നാൽ ഇത് അംഗങ്ങൾക്കുവേണ്ടിയുള്ളതാണ്. ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരുമ്പോൾ വളരെ നിയന്ത്രണം പാലിക്കേണ്ടതുണ്ട്. പൊതുവിൽ യോജിക്കാവുന്ന രീതിയിൽ സമവായത്തിൽക്കൂടിയാണ് ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ഉം 7-ഉം വകുപ്പുകൾ

6-ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ഉം 7-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :2008-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ.ഉമ്മൻചാണ്ടി): ഈ നിയമത്തോട് യോജിക്കുകയാണ്. ഏറെക്കാലം പല തലത്തിൽ ചർച്ച ചെയ്ത് സമവായത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇതൊരു അമിതമായ വർദ്ധനവാണെന്ന് കരുതുന്നില്ല. അഞ്ച് വർഷത്തിലൊരിക്കൽ നടത്തുന്ന പരിഷ്ക്കരണമാണ്. നിയമസഭാംഗങ്ങൾക്ക് 5,000 രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ഈ വർദ്ധനവ് മിതമാണ്. വിമർശനങ്ങളെ പോസിറ്റീവായി കാണണം. വിമർശനങ്ങളിൽ അടിസ്ഥാനമുണ്ടെന്നാണ് എന്റെ അഭിപ്രായം. കാരണം അംഗങ്ങൾതന്നെ അവർക്കുള്ള ആനുകൂല്യങ്ങൾ തീരുമാനിച്ച് പാസ്സാക്കുന്നു. അതുകൊണ്ടുതന്നെ എത്ര ന്യായമായി ചെയ്താലും വിമർശനങ്ങൾ വരും.

എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത്, അംഗങ്ങൾതന്നെ അവർക്കുള്ള ആനുകൂല്യങ്ങൾ തീരുമാനിക്കുന്ന കാര്യത്തിൽ മാറ്റം വരുത്തിക്കൊണ്ട് ഭാവിയിൽ ഇതിനായി ഒരു ഇൻഡിപെൻഡന്റ് ബോഡിയെ ചുമതലപ്പെടുത്തണം. ലോക്സഭയിലേയും ഇതര നിയമസഭകളിലേയും കാര്യങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെന്ന നിർദ്ദേശം വയ്ക്കുകയാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): പ്രതിപക്ഷ നേതാവ് പറഞ്ഞ അഭിപ്രായത്തോട് ഗവൺമെന്റ് പൂർണ്ണമായി യോജിക്കുകയാണ്. നിയമസഭാ സാമാജികരുടെ ശമ്പളം, ബത്ത, മറ്റ് അലവൻസുകൾ എന്നിവ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നിയമസഭയാണ് തീരുമാനമെടുക്കുന്നത്. വിവിധ കാറ്റഗറികളിലുള്ള ഉദ്യോഗസ്ഥരുടെ ശമ്പളത്തെ സംബന്ധിച്ച് സമൂഹം അറിയണമെന്നില്ല. പക്ഷേ ജനപ്രതിനിധികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഉള്ളത് എന്നതു സംബന്ധിച്ച് ജനങ്ങൾ അറിയണം. അതുകൊണ്ടാണ് നിയമസഭയിൽ ബിൽ കൊണ്ടുവന്ന് പാസ്സാക്കുന്നത്. ഒരു ഇൻഡിപെൻഡന്റ് ഏജൻസിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുക എന്നുള്ളത് വളരെ നല്ല നിർദ്ദേശമാണ്. അതു സംബന്ധിച്ച് സ്പീക്കർ ഒരു സംവിധാനം ഉണ്ടാക്കുന്നതിനോട് പൂർണ്ണമായി യോജിക്കുകയാണ്. ന്യായമാണെന്ന് സമൂഹത്തിന് തോന്നുന്ന തരത്തിലുള്ള വർദ്ധനവ് മാത്രമേ ഇപ്പോൾ വരുത്താൻ പറ്റുകയുള്ളൂ.

മി. സ്പീക്കർ: ഇനി പരിഷ്ക്കരണം വരുമ്പോൾ തീർച്ചയായും ഇക്കാര്യം പരിശോധിക്കുന്നതാണ്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഇതിന്റെ സാങ്കേതികവശങ്ങൾ ആലോചിക്കേണ്ടതായിട്ടുണ്ട്. ഇത് തീരുമാനിക്കുന്നതിന്, നിയമനിർമ്മാണം നടത്താൻ ഭരണഘടനയുടെ വ്യവസ്ഥകൾ പ്രകാരം നിയമസഭയ്ക്ക് മാത്രമാണ് അവകാശമുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇത് പരിശോധിക്കാനുള്ള അവകാശം മറ്റാർക്കും നിർവ്വഹിക്കാൻ കഴിയുകയില്ല. പ്രതിപക്ഷ നേതാവ് പറഞ്ഞ സദുദ്ദേശപരമായ നിർദ്ദേശത്തെ സ്വാഗതം ചെയ്യുകയാണ്. ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് ഭാവിയിൽ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കേണ്ടതുണ്ട്.

2008-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(2) 2008-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2 മുതൽ 4 വരെയുള്ള വകുപ്പുകൾ</u>

2 മുതൽ 4 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2 മുതൽ 4 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): ബില്ലിന് ഭേദഗതിയില്ലെന്നുള്ളത് ശരിയാണ്. മുൻ സാമാജികർക്കുള്ള ബില്ലായതിനാൽ അവർ കുറെ ഭേദഗതികൾ എഴുതിത്തന്നിട്ടുണ്ട്. അതൊന്നും സ്വീകാര്യമല്ല. ചെറിയ വർദ്ധനവാണെങ്കിലും അവർ ഇതിനെ സ്വാഗതം ചെയ്തിട്ടുണ്ട്.

2008-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u> : പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(3) <u>2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ശ്രീ.കെ.എം. മാണി: 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബില്ലാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചത്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലിലെ ടൈറ്റിൽ '2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ' എന്നാണ്. ബില്ലിന്റെ ശീർഷകം മാറ്റാൻ നിയമസഭയ്ക്കുപോലും അവകാശമില്ല. സബ്ജക്ട് കമ്മിറ്റിക്കും അവകാശമില്ല. ഷോർട്ട് ടൈറ്റിലിൽ മാറ്റം വരുത്താം. ബിൽ പാസ്സായി ഗവർണറുടെ അസ്സന്റ് കിട്ടി ആക്ട് ആകുമ്പോൾ ഷോർട്ട് ടൈറ്റിൽ എടുത്ത് ടൈറ്റിലാക്കി പ്രിന്റ് ചെയ്യുമ്പോഴാണ് പേര് മാറുന്നത്. അതിന് വിരുദ്ധമായി സബ്ജക്ട് കമ്മിറ്റി ശീർഷകം മാറ്റിയത് തെറ്റാണ്. ഒരു നിയമത്തിനു പകരം വേറൊരു നിയമം കൊണ്ടുവരുമ്പോൾ മുമ്പുള്ള നിയമം റിപ്പീൽ ചെയ്യാം. എന്നാൽ ഒരു നിയമത്തിന്റെ ഭേദഗതി ബിൽ പാസ്സാക്കുന്നതുവഴി മറ്റൊരു നിയമം റദ്ദ്ചെയ്യപ്പെടാൻ പാടില്ല. ഇവിടെ 1978-ലേയും 2002-ലേയും രണ്ട് നിയമങ്ങളുണ്ട്. 1978-ലെ നിയമത്തിന്റെ ഭേദഗതി ബില്ലാണ് സബ്ജക്ട് കമ്മിറ്റി പരിഗണിച്ച് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ ഭേദഗതി നിയമം പാസ്സാക്കുന്നതുവഴി 2002-ലെ

നിയമം റദ്ദ് ചെയ്യപ്പെടും. ഇതു സംബന്ധിച്ച് ഈ സഭയിൽ റൂളിംഗ് ഉണ്ടായിട്ടുണ്ട്. ഗാർഹിക മേഖലയിൽ നിലനിന്നിരുന്ന ചുമട്ടുതൊഴിലാളി കൂലിത്തർക്കം ഇല്ലാതാക്കുന്നതിനാണ് 2002-ലെ നിയമം കൊണ്ടുവന്നത്. ആ നിയമം റിപ്പീൽ ചെയ്താൽ ഗാർഹിക മേഖലയിൽ അരാജകത്വം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് അപാകതകൾ പരിഹരിച്ച് നിയമനിർമ്മാണം നടത്തണം. വിശദീകരണം കാര്യ-കാരണ സഹിതമായിരിക്കണം. മൂലനിയമത്തിന് വിരുദ്ധമായി ഷെഡ്യൂൾ ഓപ്പൺ ചെയ്യാതെ പോർട്ടിനെ ഇതിൽ കൂട്ടിച്ചേർത്തിരിക്കുന്നത് നിയമപരമായി ശരിയല്ല. ഇത്തരം കാര്യങ്ങൾ പരിശോധിച്ച് കുറ്റമറ്റ നിയമമാക്കി പാസ്സാക്കണം.

തൊഴിൽ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> 1978-ലെ ചുമട്ടുതൊഴിലാളി ആക്ടിനുള്ള 2008-ലെ ആദ്യത്തെ ഭേദഗതി നിയമമായതുകൊണ്ട് ശീർഷകത്തിൽ മാറ്റം ആവശ്യമാണ്. ഇല്ലെങ്കിൽ ആക്ട് പ്രസിദ്ധികരിക്കുമ്പോൾ രണ്ടാം ഭേദഗതി ആക്ട് എന്ന് വേണ്ടിവരും. ഇപ്പോൾ രണ്ടാം ഭേദഗതി ബില്ലാണ് അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ശീർഷകം മാറ്റിയത്. ഒരു ഭേദഗതി നിയമം മൂലം മറ്റൊരു നിയമം ഭേദഗതി ചെയ്യാൻ പാടില്ല എന്ന വ്യവസ്ഥ നിലവിലില്ല. ഗാർഹിക മേഖലയിലെ ചുമട്ടുതൊഴിലാളിയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരം കീഴ്‌വഴക്കങ്ങളും ഉണ്ടായിട്ടുണ്ട്. വീട്ടാവശ്യങ്ങൾക്ക് സാധനങ്ങൾ ഇറക്കാൻ ഉടമസ്ഥന് അവകാശം നൽകാൻ കൂടി ഉദ്ദേശിച്ചുകൊണ്ടാണിത്. സംസ്ഥാനത്തിന്റെ നിലനിൽപ്പിനും തൊഴിലാളി താൽപ്പര്യങ്ങൾക്കും അനുസൃതമായാണ് 2002-ലെ ചില വ്യവസ്ഥകൾ ഒഴിവാക്കിയതും ചിലവ കൂട്ടിച്ചേർത്തിട്ടുള്ളതും. തൊഴിലാളികളുമായും തൊഴിൽ ക്രമീകരണങ്ങളുമായും ബന്ധപ്പെട്ട കാര്യങ്ങളാണ്

ഇതിൽ കൊണ്ടുവന്നിട്ടുള്ളത്. പോർട്ട് എന്ന സ്ഥാപനത്തെയല്ല, മറിച്ച് പോർട്ടിലെ തൊഴിലാളികളെയാണ് ചേർത്തിരിക്കുന്നത്. ഇതിൽ യാതൊരു വിധ അപാകതയുമില്ല.

**റൂളിംഗ്**

മി. സ്പീക്കർ: 12-ാം കേരള നിയമസഭയുടെ 188-ാം ബില്ലായിട്ടാണ് കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് (അമെന്റ്മെന്റ്) ബിൽ, 2008 പ്രസിദ്ധീകരിച്ചത്. അതിനുശേഷമാണ് ഇപ്പോൾ പരിഗണനയ്ക്കെടുത്ത കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് (സെക്കണ്ട് അമെന്റ്മെന്റ്) ബിൽ, 2008 192-ാം നമ്പർ ആയി പ്രസിദ്ധീകരിച്ച് സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചത്. സബ്ജക്റ്റ് കമ്മിറ്റി മുമ്പാകെ വരുന്ന ആദ്യ ബില്ലായതിനാലും 2008-ലെ ആദ്യത്തെ ആക്ട് ആകേണ്ടതായതിനാലും ആണ് ഇപ്രകാരം ശീർഷകത്തിൽ മാറ്റം വരുത്തിയത്. അതുകൊണ്ട് ശീർഷകത്തിൽ മാറ്റം വരുത്തിയതിൽ അപാകത കാണുന്നില്ല. സമാനസ്വഭാവമുള്ള ഒരു നിയമത്തിലെ ചില വ്യവസ്ഥകൾ ഇതിൽ ഉൾപ്പെട്ടതിനാലാണ് 2002-ലെ 10-ാം നമ്പർ ആക്ട് റിപ്പീൽ ചെയ്യുന്നത്. ഒരു ഭേദഗതി നിയമം മൂലം മറ്റൊരു നിയമം ഭേദഗതി ചെയ്യാൻ പാടില്ലെന്ന് നിയമവ്യവസ്ഥ കാണുന്നില്ല. അപൂർവ്വമായിട്ടാണെങ്കിലും കേരള നിയമസഭ തന്നെ ഇത്തരം കീഴ്‌വഴക്കം ഉണ്ടാക്കിയിട്ടുണ്ട്. ലാ റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ തന്നെ Kerala repealing and Amendment Bill മുഖേന നിരവധി നിയമങ്ങൾ ഭേദഗതി ചെയ്യുകയും റദ്ദാക്കുകയും ചെയ്യുന്നതിനുള്ള ശുപാർശയുണ്ടായിരുന്നു. ആ ശുപാർശയാണ് നടപ്പിലാക്കുന്നത്. അതുകൊണ്ട് ആ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. 1978-ലെ ചുമട്ടുതൊഴിലാളി നിയമം ബാധകമാകുന്ന

വ്യവസ്ഥ ഇതിൽ വരുന്നില്ല. പോർട്ടിലെ തൊഴിലാളികളെക്കൂടി ചുമട്ടു തൊഴിലാളിയുടെ നിർവ്വചനത്തിൽപ്പെടുത്തുന്നതിൽ യാതൊരു അപാകതയുമില്ല. ഈ നിയമനിർമ്മാണ കാര്യത്തിൽ ക്രമപ്രശ്നമുന്നയിച്ച് കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതിന് ചെയർ പ്രത്യേക മായി അഭിനന്ദിക്കുകയാണ്.

ശ്രീ. തോമസ് ചാണ്ടി: ഈ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു. കുട്ടനാടൻ പാടശേഖരങ്ങളുൾപ്പെടെ നെൽപാടങ്ങളിലെ തൊഴിലാളി മേഖല യിൽ ഭാവിയിൽ പ്രശ്നം ഉണ്ടാകാൻ സാധ്യതയുള്ള രീതിയിലാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഇത് സംസ്ഥാനത്തെ കാർഷിക രംഗത്തെ അവതാളത്തിലാക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് ഇത് കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിനനുസരിച്ച് അവധാനതയോടെ ആലോചിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി ആക്ടാക്കണം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾക്ക് ചുമട്ടു തൊഴിലാളികൾ വിഘാതം നിൽക്കുന്നു എന്ന പ്രതിപക്ഷത്തിന്റെ വാദഗതി അടിസ്ഥാനരഹിതമാണ്. തൊഴിലാളി മേഖല അഭിവൃദ്ധിപ്പെടുത്തി സേവന-വേതന വ്യവസ്ഥകളും മെച്ചപ്പെടുത്തി തൊഴിലാളികളെ ദാരിദ്ര്യ ത്തിൽ നിന്ന് കരകയറ്റുന്നതിൽ സംഘടനകൾ നിർവ്വഹിച്ച പങ്ക് സ്തുത്യർഹ മാണ്. തൊഴിലാളി മേഖലയിൽ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നുവെങ്കിൽ അതിനെ അവസാനിപ്പിക്കാൻ ശ്രദ്ധിക്കേണ്ടത് സംഘടനകളാണ്. അതിന് യോജിച്ച പ്രവർത്തനങ്ങൾ ആവശ്യമാണ്. കൂലിത്തർക്കവുമായി ബന്ധപ്പെട്ട

ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച് കാണിക്കുന്നത് ശരിയല്ല. യു.ഡി.എഫ്. ഗവൺമെന്റ് 2002-ൽ കൊണ്ടുവന്ന നിയമത്തെ റിപ്പീൽ ചെയ്യാനാണ് ഇപ്പോൾ ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. നോക്കുകൂലി സമ്പ്രദായത്തോട് ഒരു പാർട്ടിയും യോജിക്കില്ല. ജോലി ചെയ്യാതെ ആനുകൂല്യം വാങ്ങുന്നതിനോട് എൻ.ജി.ഒ. യൂണിയൻ സഹകരിക്കില്ലെന്ന് മാത്രമല്ല കൈക്കൂലിക്കും അഴിമതിക്കുമെതിരായി കാമ്പെയിനുകൾ സംഘടിപ്പിച്ചിട്ടുമുണ്ട്. കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിലനിന്നിരുന്ന പിടിച്ചുപറി അവസാനിപ്പിച്ചു. യു.ഡി.എഫ്. കൊണ്ടുവന്ന നിയമത്തിനെതിരായി സംഘടനകൾ പ്രക്ഷോഭം നടത്തിയപ്പോൾ സംഘടനകളുടെ കോൺഫറൻസ് വിളിച്ചുചേർത്ത് ഈ നിയമം നടപ്പിലാക്കരുത് എന്ന് പറയുകയാണ് ചെയ്തത്. 2002-നുശേഷം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്തതിനാലാണ് ഇങ്ങനെ ഒരു ബിൽ കൊണ്ടുവരേണ്ടി വന്നത്. 1978--ലെ നിയമത്തിൽ ചുമട്ടുതൊഴിലാളികൾ അധികകൂലി വാങ്ങുകയോ നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്താൽ അവരുടെ രജിസ്ട്രേഷൻ റദ്ദാക്കാനും ജോലിയിൽനിന്നും ഒഴിവാക്കാനും അവർക്കെതിരായി നടപടി സ്വീകരിക്കാനും വ്യവസ്ഥയുണ്ട്. 1957-ൽ ഇ.എം.എസ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് പോലീസ് തൊഴിലാളി പ്രശ്നത്തിൽ ഇടപെടാൻ പാടില്ല എന്ന് ആവശ്യപ്പെട്ടത്. 1978-ലെ മൂലനിയമത്തിൽ തൊഴിലാളി എന്നുള്ള നിർവ്വചനത്തിൽ ഏതെല്ലാം മേഖലയിൽ ചുമട്ടുതൊഴിലാളികൾക്ക് ജോലിചെയ്യാം എന്നതിനെക്കുറിച്ചും ഗാർഹികാവശ്യത്തിനുവേണ്ടി കൊണ്ടുവരുന്ന

സാധനങ്ങൾ ഇറക്കുന്നതിന് ഇവർക്കവകാശമില്ല എന്നും പറഞ്ഞിട്ടുണ്ട്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമമനുസരിച്ച് 100 ചതുരശ്ര മീറ്റർ പ്ലിന്ത് ഏരിയയിൽ കൂടാത്തതും 10 ലക്ഷം രൂപയിൽ കവിയാത്ത ചെലവുവരുന്നതുമായ വീട് നിർമ്മിക്കുന്ന സ്ഥലത്ത് ഇവർ പ്രവേശിക്കാൻ പാടില്ല, അതിന് മുകളിലുള്ളതിന് പ്രവേശിക്കാമെന്നാണ്. ആ ലിമിറ്റേഷൻ പാടില്ല. സ്വന്തമായി ഒരാൾ വീട് വയ്ക്കുകയോ വീട്ടുസാധനങ്ങൾ മാറ്റുകയോ ചെയ്യുമ്പോൾ അവർക്ക് ഇഷ്ടമുള്ള ആളിനെക്കൊണ്ട് ജോലിചെയ്യിപ്പിക്കാമെന്ന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഓരോ ചുമട്ടുതൊഴിലാളിയും കൂലിയായി സ്വീകരിച്ച തുകയുടെ ടോക്കണായി ഒപ്പിട്ട ഒരു രസീത് തൊഴിലുടമയ്ക്ക് നൽകേണ്ടതാണെന്നും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ചുമട്ടുതൊഴിലാളികൾക്കെതിരെയുള്ള ദുഷ്പ്രചരണത്തിന് അറുതി വരുത്താൻ ഈ ബിൽ സഹായകരമാണ്.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ ചുമട്ടുതൊഴിലാളികൾക്ക് ആവശ്യമായ പരിരക്ഷ ലഭിക്കുന്നതിന് നിർണ്ണായകമായ ഇടപെടൽ നടത്താൻ യു.ഡി.എഫ്. എല്ലാക്കാലത്തും ശ്രമിച്ചിട്ടുണ്ട്. 1978-ലെ നിയമം കുറ്റമറ്റതാണ്. നോക്കുകൂലി നൽകണമെന്നുള്ളതിന്റെ പേരിൽ പലപ്പോഴും വർക്കുകൾ എടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ല. തൊഴിലാളികൾക്കാവശ്യമായ പരിരക്ഷയും വേതനവും ലഭിക്കുന്നതിനും അവരെ ആരെങ്കിലും കബളിപ്പിക്കുന്നുണ്ടെങ്കിൽ അതിനെ തടയാനും

നിയമത്തിൽ പഴുതുണ്ടാകണം. ജോലി ചെയ്യുന്നവരെ തടസ്സപ്പെടുത്തുകയും അവരെ ചൂഷണം ചെയ്യുകയും ചെയ്യുന്നതിനെ എതിർക്കണം. നോക്കുകൂലി സമ്പ്രദായം ഒഴിവാക്കപ്പെടേണ്ടതാണ്. തൊഴിലാളികൾക്ക് ആവശ്യമായ പ്രൊട്ടക്ഷൻ കൊടുക്കുകയും സാധാരണക്കാരന് ജീവിക്കാൻ ആവശ്യമായ സാഹചര്യം ഒരുക്കുകയും വേണം. കുട്ടനാടൻ പാടശേഖര മേഖലയെ സംഘർഷഭരിതമാക്കുവാൻ മാത്രമേ ഈ പുതിയ നിയമം ഉപകരിക്കൂ. നിർമ്മാണ മേഖലയിലും ഡൊമസ്റ്റിക് മേഖലയിലുമൊക്കെ ചുമട്ടുതൊഴിലാളികൾക്ക് പ്രവേശിക്കുന്നതിന് പരിധി നിശ്ചയിക്കാൻ പാടില്ല. 2002-ലെ നിയമത്തിൽ അപാകതയുണ്ടെങ്കിൽ ഭേദഗതി കൊണ്ടുവരുന്നതിനു പകരം ആ നിയമം തന്നെ റദ്ദാക്കുന്ന നടപടി ശരിയല്ല. തൊഴിൽ രംഗത്തും വ്യാവസായിക രംഗത്തും ഗാർഹിക രംഗത്തും സാമാധാനം ഉണ്ടാക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. തൊഴിൽത്തർക്കങ്ങളുടെ പേരിൽ റോഡുകൾ, പാലങ്ങൾ എന്നിവ സംബന്ധിച്ച ഗവൺമെന്റ് വർക്കുകൾ പോലും കരാറെടുക്കാൻ ആളില്ലാതെ മുടങ്ങുന്ന അവസ്ഥയെക്കുറിച്ച് പഠിക്കാനും പരിഹാരം കാണാനും ശ്രമിക്കണം. തൊഴിൽ മേഖലയിൽ കൂടുതൽ അരാജകത്വം ഉണ്ടാകാൻ മാത്രമേ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമം ഉപകരിക്കൂ.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സംസ്ഥാനത്തെ കമ്പോളങ്ങളിലും കാർഷിക ചന്തകളിലും ഇൻഡസ്ട്രിയൽ പാർക്കുകളിലും അതുപോലെയുള്ള പ്രദേശങ്ങളിലും ചുമട്ടുതൊഴിലാളികൾ പണിയെടുക്കുന്നത് ഒരു പ്രത്യേക തൊഴിൽ ഉടമയുടെ കീഴിലല്ല. തൊഴിലാളികളും തൊഴിൽ ഉടമകൾ തമ്മിലും തൊഴിലാളികൾ തമ്മിലും ഒരുപാട്

സംഘർഷങ്ങളും അരാജകത്വവും സംഘട്ടനവും വളർന്നുവന്ന പശ്ചാത്തലത്തിലാണ് മുൻ ഗവൺമെന്റുകൾ ചുമട്ടുതൊഴിലാളികൾക്കുവേണ്ടി സമഗ്രമായ ഒരു നിയമം കൊണ്ടുവരണമെന്ന് ആലോചിച്ചത്. 1972 -ലാണ് തൊഴിലാളി നേതാക്കളും കേരളത്തിലെ വ്യവസായ പ്രമുഖരും പങ്കെടുത്ത വിശദമായ ചർച്ചയ്ക്കുശേഷം സമഗ്രമായ ഒരു തൊഴിൽ നിയമം കൊണ്ടുവരുന്നതിനുള്ള തീരുമാനം കൈക്കൊണ്ടത്. നിയമങ്ങൾകൊണ്ട് മാത്രം പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയില്ല. പോലീസ് നടപടികൾകൊണ്ടും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയില്ലെന്ന് മനസ്സിലായി. സംസ്ഥാനത്ത് നിലവിലുള്ള പോലീസ് ആക്ട് സമസ്ത മേഖലയിലും ജോലി ചെയ്യുന്നവർക്ക് ബാധകമാണ്. പോലീസ് ആക്ട് ശരിയായ വിധത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. തൊഴിൽ പ്രശ്നങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ലെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 1972 -ൽ നിയമത്തിന്റെ കരട് തയ്യാറാക്കിയത്. ഇതിന് സംസ്ഥാന ഗവൺമെന്റ് ആധാരമാക്കിയത് മഹാരാഷ്ട്രയിലെ 1969-ലെ The Maharashtra Mathadi, Hamal and other Manual Workers (Regulation of Employment and Welfare) Act ആണ്. ഇതിൽ തൊഴിലാളിക്ഷേമമാണ് പ്രധാനമായും കണക്കിലെടുത്തത്. വിവിധ മുതലാളിമാരുടെ കീഴിൽ പണിയെടുക്കുന്നവർക്ക് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടും പേമെന്റ് ഓഫ് വേജസ് ആക്ടും വർക്ക്മെൻ കോമ്പൻസേഷൻ ആക്ടും മെറ്റേണിറ്റി ബെനിഫിറ്റ്സും ബാധമാക്കാൻ കഴിയില്ലെന്ന പശ്ചാത്തലത്തിലാണ് ചുമട്ടുത്തൊഴിലാളികൾക്കുവേണ്ടി ഒരു പൊതുനിയമം എന്ന ആശയം രൂപംകൊണ്ടത്. ഈ സന്ദർഭത്തിലാണ് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചത്.

ഇതിനുമുമ്പും ഇപ്രകാരമുള്ള നിയമം വേണമെന്ന കർശനമായ ആവശ്യം തൊഴിലാളി സംഘടനകളും ഉന്നയിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുമുമ്പും രാജ്യത്ത് തൊഴിൽ നിയമങ്ങളുണ്ടായിരുന്നു. അടിയന്തിരാവസ്ഥക്കാലത്ത് തൊഴിലാളികൾ പീഡിപ്പിക്കപ്പെടുകയും പോലീസിന്റെ അതിക്രമങ്ങൾക്കിര യാകുകയും ചെയ്തു. തൊഴിലാളികൾക്കിടയിൽത്തന്നെ പലപ്പോഴും ഗ്രൂപ്പുകൾ തമ്മിലുള്ള സംഘട്ടനങ്ങൾക്ക് കാരണമായിരുന്നത് തൊഴിൽ ഉടമ കളാണ്. ഈ രംഗത്ത് അസംതൃപ്തി നിറഞ്ഞുനിന്നിരുന്ന കാലഘട്ടത്തി ലാണ് (അതായത് 09-12-1976-ൽ) ക്യാബിനറ്റ് നിയമം അംഗീകരിച്ചത്. അടി യന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ ഈ നിയമം അസാധുവായി. ഈ നിയമം 31-07-1978-ലാണ് പാസ്സാക്കുന്നത്. പ്രസ്തുത നിയമത്തിന് 1980 -ൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും 1981-ൽ ചട്ടങ്ങളുണ്ടാക്കുകയും ചെയ്തു. അതിനുശേഷമാണ് പദ്ധതി പ്രദേശങ്ങൾ നിശ്ചയിക്കുകയും പദ്ധതി തയ്യാറാക്കുകയും ചെയ്തത്. രാജ്യത്ത് തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നത് തൊഴിലാളികളുടെ സംഘടിതമായ പ്രക്ഷോഭങ്ങളുടെ ഫലമായിട്ടാണ്. 2002-ലെ നിയമത്തിനെതിരായി ധാരാളം പ്രക്ഷോഭങ്ങളുണ്ടായി. അതിൽ ആദ്യം സെക്ഷൻ 5 ഇല്ലായിരുന്നു. അത് പിന്നീട് കൂട്ടിച്ചേർത്തതാണ്. 1978-ലെ നിയമത്തിന് കടകവിരുദ്ധമായാണ് സെക്ഷൻ 5 ഇൻസെർട്ട് ചെയ്തത്. ഇതുമൂലം 78-ലെ ആക്ടിന്റെ ഉദ്ദേശ ഫലങ്ങൾ നടപ്പിലാക്കാൻ സാധിക്കാതെപോയി. 2002-ലെ ബില്ലിലൂടെ 1978-ലെ നിയമം റിപ്പീൽ ചെയ്യപ്പെട്ടു. രാജ്യത്തുള്ള ഒരു തൊഴിൽ നിയമത്തിലും പോലീസ് ഇടപെടാൻ വ്യവസ്ഥ ചെയ്തിട്ടില്ല. തൊഴിലാളിക

ളുടെ പേരിൽ പോലീസ് അതിക്രമങ്ങൾ നടത്താനുള്ള സാഹചര്യം രാജ്യത്ത് ഉണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് 2002-ലെ നിയമത്തെ എല്ലാ ട്രേഡ്‌യൂണിയനുകളും എതിർത്തത്. അത് ശരിയായ നിയമമല്ലായിരുന്നു. സെക്ഷൻ 5 അനുസരിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചപ്പോൾ എല്ലാ തൊഴിലാളി സംഘടനകളും അതിനെ വിമർശിക്കുകയും പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 2002-ലെ നിയമം നടപ്പിലാക്കാതെ മുന്നോട്ടു പോയിട്ടും കേരളത്തിലെ തൊഴിൽ മേഖല ശാന്തമാണ്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം മെച്ചപ്പെട്ട പ്രൊഡക്ടിവിറ്റിയുണ്ടാകണം. 1978-ലെ നിയമം നടപ്പിലാക്കിയതുകൊണ്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ് പോലുള്ള സ്ഥലങ്ങളിൽ സമാധാനം നിലനിർത്താൻ സാധിച്ചു. തൊഴിലാളികൾ അച്ചടക്കരാഹിത്യമോ തൊഴിൽ ക്രമീകരണത്തിൽ എന്തെങ്കിലും തെറ്റോ കാണിച്ചാൽ അവരെ ശിക്ഷിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിൽ ഉണ്ട്. ആ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. 1978 -ലെ മൂല നിയമത്തിൽ വീട്ടാവശ്യങ്ങൾക്കുള്ള കയറ്റിറക്ക് ജോലി ചെയ്യുന്നവരെ ഉൾപ്പെടുത്തിയിരുന്നില്ല. തൊഴിൽ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗവൺമെന്റ് തൊഴിൽ പ്രശ്നങ്ങളിലിടപെട്ട് പരിഹാരം കാണുന്നുണ്ട്. പോലീസ് ഇടപെടൽ തൊഴിൽ പ്രശ്നങ്ങൾക്ക് പരിഹാരമല്ല. രാജ്യത്തെ കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പോലീസ് ആക്ടിലും ഇന്ത്യൻ ശിക്ഷാ നിയമത്തിലും വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ ആരും വിരോധികളല്ല. കേരളത്തിൽ സമാധാനാന്തരീക്ഷം സൃഷ്ടിച്ച് എല്ലാ തൊഴിലാളി സംഘടനകളും

ഗവൺമെന്റ് മെഷിനറിയും ഒരുമിച്ച് പ്രവർത്തിച്ച് കേരളത്തിന്റെ പുരോഗതിക്കാവശ്യമായ സാഹചര്യം സൃഷ്ടിക്കാൻ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

109: In section 2 (m) of the Principal Act, proposed to be amended by clause 2 (c)

(i) for the words “sliding from a mechanically propelled vehicle” occurring in two places, the words “sliding using manual labour from a mechanically propelled vehicle” shall be substituted.

(ii) after the words “stacking articles” occurring in two places, the words “excluding delicate or sophisticated articles” shall be inserted.

(iii) In the Explanation for items (iv) and (v) the following items shall be substituted, namely:-

"(iv) constructing or repairing and maintenance of house including the shifting and transportation of construction materials, equipments or machinery for personal use and not for the purpose of trade; or

(v) dismantling, demolishing and shifting of old building materials or equipments including their transportation which is not for industrial or commercial purpose; or".

(vi) the existing "Explanation" shall be renumbered as "Explanation-I" thereof and after the Explanation so renumbered, the following Explanation shall be inserted, namely:-

"Explanation II:- For the purpose of this clause, "delicate or sophisticated articles" mean articles which require to be handled by trained or skilled persons.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

In explanation (vii) of section 2 (m), delete the following:

'not exceeding one hectre in respect of dry land and not exceeding two hectres in respect of wet land'

ശ്രീ. വി.ഡി. സതീശൻ: 110, 120, 140 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: 111, 115, 116 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 112, 113, 114, 147 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 119-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം.എ. വാഹീദ്: 121-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 128-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 129-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ: 130-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽ കുമാർ: 139-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ. എൻ. ജയരാജ്: 141, 146 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ശ്രീ. വി.ഡി. സതീശന്റെ ഭേദഗതി ഒഫിഷ്യൽ ഭേദഗതിയിൽ വന്നിട്ടുണ്ട്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു. മറ്റു ഭേദഗതികൾ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. സി.ടി. അഹമ്മദ് അലി: 103-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.എം. മാണി: 2002-ലെ നിയമം ഈ ബില്ലിലൂടെ റിപ്പീൽ ചെയ്യുന്നതുകൊണ്ട് ഈ ബില്ലിനെ എതിർക്കുന്നു. കേരളത്തിലെ മുഴുവൻ പ്രവർത്തന മേഖലകളിലും ഈ നിയമം ബാധകമാക്കുന്നില്ല.

നോട്ടിഫിക്കേഷന്റെ പർവ്യൂവിൽ വരാത്ത ഗാർഹികേതര മേഖലകളും ഗാർഹിക മേഖല മുഴുവനും ഇതിൽ ഒഴിവാക്കിയിരിക്കുകയാണ്. ഗാർഹിക മേഖലയിൽ നോക്കുകൂലി വരാൻ പോവുകയാണ്. ഗാർഹിക മേഖലയിലെ കയറ്റിയിറക്കിന് കൂലി നിശ്ചയിക്കണം.

ശ്രീ. കെ. ബാബു: ഈ നിയമം പാസ്സാക്കുമ്പോൾ 1978-ലെ മൂലനിയമത്തിന് 2002-ൽ ഒരു ഭേദഗതി നിയമം കൊണ്ടുവരാനിടയായ രാഷ്ട്രീയ സാഹചര്യം കേരളത്തിൽ ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം.

2008-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 14-നെതിരെ 66 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 7.50-ന് പിരിഞ്ഞു.